# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കൈപ്പമംഗലം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി7)1708/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 12/12/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൈപ്പമംഗലം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കൈപ്പമംഗലം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൈപ്പമംഗലം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി7)1708/2023 തീയ്യതി: 12/12/2023

## തൃശ്ശൂർ ജില്ലയിലെ കൈപ്പമംഗലം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കൈപ്പമംഗലം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2022 മുതൽ 30-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 46 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാബു പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 06-10-2023 | 12-10-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-10-2023 | 12-10-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ ശിവൻ പി എ (ഓഡിറ്റ് ഓഫീസർ ഹ.ഗ്രേ)

ശ്രീ ബേബി പി വി (ഓഡിറ്റ് ഓഫീസർ)

ശ്രീ സിജു പി ഡാംസൺ (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)

ശ്രീമതി സുമ വി കെ (സീനിയർ ഗ്രേഡ് ഓഡിറ്റർ)

ശ്രീമതി സഫന എൻ എസ് (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശോഭന രവി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| സാബു ജോർജ്ജ് | സെക്രട്ടറി | 01-04-2022 | 26-06-2022 |
| സുഹാസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 27-06-2022 | 10-07-2022 |
| സാബു ജോർജ്ജ് | സെക്രട്ടറി | 11-07-2022 | 12-01-2023 |
| രതീഷ് പി എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-01-2023 | 14-03-2023 |
| അശോക് കുമാർ | സെക്രട്ടറി | 15-03-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സുഹാസ് | അസിറ്റന്റ് സെക്രട്ടറി | 01-04-2022 | 31-10-2022 |
| രതീഷ് പി എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-11-2022 | 31-03-2023 |
| ഓമന | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 13-01-2023 |
| രാധിക | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 14-01-2023 | 31-03-2023 |
| ബിന്ദു | ഹെഡ്മിസ്ട്രസ്സ് | 01-04-2022 | 30-06-2022 |
| ജെബി | ഹെഡ്മിസ്ട്രസ്സ് | 01-07-2022 | 31-03-2023 |
| അൻസിൽ പി എം | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2022 | 31-05-2022 |
| ചിപ്പി കാദർ | ഫിഷറീസ് ഇൻസ്പെക്ടർ | 01-06-2022 | 01-12-2022 |
| ഫാത്തിമ | ഫിഷറീസ് ഇൻസ്പെക്ടർ | 02-12-2022 | 31-03-2023 |
| ശ്രീജിത്ത്കുമാർ | കൃഷി ഓഫീസർ | 01-04-2022 | 19-08-2022 |
| ഭാഗ്യലക്ഷ്മി ടി എസ് | കൃഷി ഓഫീസർ | 20-08-2022 | 17-10-2022 |
| സജന പി സി | കൃഷി ഓഫീസർ | 18-10-2022 | 16-12-2022 |
| കൃഷ്ണ വി ആർ | കൃഷി ഓഫീസർ | 17-12-2022 | 31-03-2023 |
| മുഹമ്മദ് റഫീക്ക് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| സുമയ്യ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| അനു ബേബി | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2022 | 19-06-2022 |
| സിജി എം ആർ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 20-06-2022 | 31-03-2023 |
| ജിതേന്ദ്രകുമാർ | വെറ്ററിനറി സർജ്ജൻ | 01-04-2022 | 31-03-2023 |
| അതുല്യ | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ഗോകുൽ | വി ഇ ഒ (കൈപ്പമംഗലം സർക്കിൾ) | 01-04-2022 | 05-08-2022 |
| ബീന വി എസ് | വി ഇ ഒ (കൈപ്പമംഗലം സർക്കിൾ) | 06-08-2022 | 31-03-2023 |
| ഗോകുൽ | വി ഇ ഒ (ചളിങ്ങാട് സർക്കിൾ) | 01-04-2022 | 12-04-2022 |
| സജിത | വി ഇ ഒ (ചളിങ്ങാട് സർക്കിൾ) | 13-04-2022 | 31-03-2023 |
| സീതാലക്ഷ്മി | വി ഇ ഒ (കൂരിക്കുഴി സർക്കിൾ) | 01-04-2022 | 20-11-2022 |
| ബീന വി.എസ് | വി ഇ ഒ (കൂരിക്കുഴി സർക്കിൾ) (ഇൻ–ചാർജജ്) | 21-11-2022 | 29-11-2022 |
| അരുൺജോസ് ടി | വി ഇ ഒ (കൂരിക്കുഴി സർക്കിൾ) (ഇൻ–ചാർജജ്) | 30-11-2022 | 09-01-2023 |
| വിഷ്ണു പി.ആർ | വി ഇ ഒ (കൂരിക്കുഴി സർക്കിൾ) | 10-01-2023 | 10-02-2023 |

| | | | |
|---|---|---|---|
| സജിത | വി ഇ ഒ (കൂരിക്കുഴി സർക്കിൾ) (ഇൻ-ചാർജ്ജ്) | 11-02-2023 | 31-03-2023 |
| ആവണി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 27-07-2022 |
| ഒഴിവ് | അസിസ്റ്റന്റ് എഞ്ചിനീയർ | 28-07-2022 | 28-07-2022 |
| ബിന്ദു | അസിസ്റ്റന്റ് എഞ്ചിനീയർ | 29-07-2022 | 31-03-2023 |

.

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | Income And Expenditure Account ൽ 4,50,000 രൂപയുടെ വരുമാനം ഉൾപ്പെടുത്തിയില്ല | 1-1-2 |
| 4 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് -കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-3 |
| 5 | Capital Contribution ശീർഷകത്തിലേക്ക് തുക മാറ്റിയിട്ടില്ല. | 1-1-4 |
| 6 | ചെക്കുകൾ നിക്ഷേപിച്ച് മാസങ്ങൾക്ക് ശേഷവും തുകകൾ ക്രെഡിറ്റ് ചെയ്തിട്ടില്ല | 1-1-5 |
| 7 | " Directly Credited By Bank"തുകകൾ ക്രമീകരിച്ചില്ല | 1-1-6 |
| 8 | " Directly Debited By Bank"തുകകൾ ക്രമീകരിച്ചില്ല | 1-1-7 |
| 9 | B-4 ഷെഡ്യൂളിലെ ബാലൻസും B-17 ലെ ബാലൻസും പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-9 |
| 11 | വസ്തു നികുതി -ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | ലൈബ്രറി സെസ്- വാർഷിക കണക്കും ഡി.സി.ബി.രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. | 1-1-11 |
| 13 | രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-1-12 |
| 14 | അക്രൂവൽ ആയി രേഖപ്പെടുത്തേണ്ട ഡിമാന്റ്-രജിസ്റ്ററുകളും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-1-13 |
| 15 | അക്രൂവൽഅല്ലാതെ രേഖപ്പെടുത്തേണ്ട ഇനങ്ങൾ അതത് ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല. | 1-1-14 |
| 16 | വാടക,ലേലം രജിസ്റ്ററുകൾ കൃത്യതയോടെ സൂക്ഷിക്കുന്നില്ല | 1-1-15 |
| 17 | മുൻകൂർ തുകയുടെ കണക്കുകൾ ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല. | 1-1-16 |
| 18 | Prior Period Income-വൗച്ചറുകളും വർക്ക് ഷീറ്റുകളും സൂക്ഷിക്കുന്നില്ല | 1-1-17 |
| 19 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല | 1-1-18 |
| 20 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-19 |
| 21 | കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ മുതൽ കൂട്ടിയിട്ടില്ല. | 1-1-20 |
| 22 | ക്ലോസിങ് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-1-21 |
| 23 | ഡിപ്രീസിയേഷൻ വർക്ക്ഷീറ്റുകൾ തയ്യാറാക്കുയിട്ടില്ല | 1-1-22 |
| 24 | തേയ്മാനചെലവ് ആസ്തിയുടെ മൂല്യത്തേക്കാൾ അധികം കണക്കാക്കി | 1-1-23 |
| 25 | ബജറ്റ് | 1-2 |
| 26 | ഫണ്ട് വിനിയോഗം | 1-3 |
| 27 | പദ്ധതി അവലോകനം | 1-4 |
| 28 | ക്ഷേമപെൻഷനുകൾ | 1-5 |
| 29 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 30 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 31 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 32 | തനത് വരുമാനം - പൊതു അവലോകനം | 1-9 |
| 33 | രസീത് പരിപാലനത്തിലെ അപാകതകൾ | 1-10 |
| 34 | ജീവനക്കാരിൽ നിന്നും സ്ലാബ് പ്രകാരമുള്ള തൊഴിൽ നികുതി പൂർണമായും ഈടാക്കിയിട്ടില്ല | 1-11 |
| 35 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-12 |
| 36 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല | 1-13 |
| 37 | വസ്തു നികുതി-മേഖലാ നിർണയത്തിലെ അപാകങ്ങൾ | 1-14 |

| | | |
|---|---|---|
| 38 | വസ്തു നികുതി നിർണയം - അടിസ്ഥാന നിരക്ക് തെറ്റായി രേഖപ്പെടുത്തി | 1-15 |
| 39 | ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതിയിൽ ഇളവ് അനുവദിച്ചതിലെ അപാകങ്ങൾ | 1-16 |
| 40 | ലൈവ്സ്റ്റോക്ക് ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു | 1-17 |
| 41 | വാടക - അപാകങ്ങൾ | 1-18 |
| 42 | ലേലം - അപാകങ്ങൾ | 1-19 |
| 43 | നാഷണൽ ഹൈവേ വികസനം- നാഷണൽ ഹൈവേ അതോറിറ്റി ഏറ്റെടുത്തിട്ടുള്ള ഗ്രാമപഞ്ചായത്ത വക സ്വത്തുക്കൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-20 |
| 44 | ഒഴിഞ്ഞുകിടക്കുന്ന ഷോപ്പിങ് കോംപ്ലക്സ് മുറികൾ വാടകയ്ക്ക നൽകുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-21 |
| 45 | ജലജീവൻ മിഷൻ ഫേസ് 2 - സംബന്ധിച്ച് പ്രോജക്റ്റ് റിപ്പോർട്ട്, ഡിമാന്റ് നോട്ടീസ് എന്നിവ ഇല്ലാതെ വാട്ടർ അതോറിറ്റിയ്ക്ക് നൽകിയ 200000 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ചെലവ് തടസ്സപ്പെടുത്തുന്നു | 1-22 |
| 46 | ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-23 |
| 47 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - പദ്ധതിയിൽ തുടരാത്ത ഗുണഭോക്താവിന് അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതാണ്. | 1-24 |
| 48 | മരുന്ന് ലഭ്യമാക്കാൻ കെ.എം.സി.എൽ ന് മുൻകൂർ– മുൻകൂർ നല്കിയ തുകയ്ക്ക് മുഴുവനായും മരുന്ന് ലഭ്യമായോയെന്ന് നിരീക്ഷിക്കാൻ സംവിധാനമില്ല | 1-25 |
| 49 | കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ അനുമതിപത്രം ലഭ്യമാക്കുന്നതിന് മുമ്പേ ടേക്ക് എ ബ്രേക്ക് കെട്ടിടനിർമാണപ്രവർത്തനം നടത്തി | 1-26 |
| 50 | കുഴിച്ചെടുത്ത മണ്ണിന്റെ ലേല / വിനിയോഗവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-27 |
| 51 | സാധനസാമഗ്രികളുടെ ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടില്ല | 1-28 |
| 52 | ബിസ്മില്ല തോട് പാർശ്വസംരക്ഷണം-കൂടുതൽ വെള്ളക്കെട്ടുള്ള പ്രദേശത്ത് സംരക്ഷണഭിത്തി നിർമിച്ചില്ല | 1-29 |
| 53 | വാർഡ് 12,14 പുത്തൻപള്ളി റോഡ് നിർമാണം-ബോർഡ് സ്ഥാപിച്ചിട്ടില്ല-നഷ്ടം 5000/ രൂപ | 1-30 |
| 54 | കാട്ടിക്കുളം നവീകരണം -പ്രൊജക്റ്റ് ഫലവത്തായില്ല-ചെലവുചെയ്ത 974801/ രൂപ തടസ്സപ്പെടുത്തുന്നു. | 1-31 |
| 55 | തൊഴിലുറപ്പുപദ്ധതി രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ | 1-32 |
| 56 | തൊഴിലുറപ്പുപദ്ധതി -ഒപ്പ് രേഖപ്പെടുത്താതെയും പ്രവൃത്തി പൂർത്തീകരിച്ച ശേഷം മസ്റ്റർറോൾ തയ്യാറാക്കിയും വിദഗ്ധതൊഴിലാളിവേതനം അനുവദിക്കുന്നത് ക്രമപ്രകാരമല്ല | 1-33 |
| 57 | തൊഴിലുറപ്പുപദ്ധതി-വാരിയംകുന്ന് റോഡ് നിർമാണം -കരാറുകാരൻ സാധനസാമഗ്രികൾ വിതരണം-നടത്തിയില്ല | 1-34 |
| 58 | തൊഴിലുറപ്പുപദ്ധതി-ക്വാറിമക്ക് ഫില്ലിങിന് ഉയർന്ന നിരക്ക് | 1-35 |
| 59 | തൊഴിലുറപ്പുപദ്ധതി-സിമന്റിന് ഉയർന്ന നിരക്ക് - മിഷൻ ഡയറക്ടറുടെ ശ്രദ്ധയിൽ പെടുത്തേണ്ടതാണ് | 1-36 |
| 60 | ഗ്രാമപഞ്ചായത്തിന്റെ സ്വത്തുക്കളുടെ ആധാരം സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല | 1-37 |
| 61 | കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ബാക്കി നിൽക്കുന്ന റെസ്റ്റോറേഷൻ ചാർജ് ഈടാക്കേണ്ടതും റെസ്റ്റോറേഷൻ പ്രവൃത്തികൾ ത്വരിപ്പെടുത്തേണ്ടതാണ് | 1-38 |
| 62 | എം. സി. എഫ്. കെട്ടിടം സൗകര്യം വർദ്ധിപ്പിക്കേണ്ടതാണ് | 1-39 |
| 63 | കെട്ടിടങ്ങളുടെ ഫിറ്റ്നെസ്സ് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-40 |

ഭാഗം **2**

--- No Records Found ---

ഭാഗം **3**

--- No Records Found ---

| | | |
|---|---|---|
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്കു വേണ്ടി ഓഡിറ്റ് വർഷം ലഭിച്ച തുകയിൽ ചെലവഴിക്കാൻ ബാക്കി നിൽക്കുന്നവയുടെ വിവരം | 4-1 |
| 2 | സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് ഓഡിറ്റ് വർഷത്തിൽ മുൻകൂർ നൽകിയതിൽ ഇനിയും ചെലവഴിക്കാതെ ബാക്കി നിൽക്കുന്നവയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷികകണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് കൈപ്പമംഗലം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 10.07.2023 ലെ 13-ാം നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 27.07.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കൈപ്പമംഗലം ഗ്രാമ പഞ്ചായത്തിന്റെ മാർച്ച്, 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കൈപ്പമംഗലം ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : തൃശ്ശൂർ**

**തീയതി : 12.12.2023**

**ഡെപ്യൂട്ടി ഡയറക്ടർ**

**ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ**

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

## 1-1-2 Income And Expenditure Account ൽ 4,50,000 രൂപയുടെ വരുമാനം ഉൾപ്പെടുത്തിയില്ല

151100108- Receipts From Transferred Institutions-Ayurveda എന്ന ശീർഷകത്തിലെ വരവ് 450000 രൂപ Receipt & Payment സ്റ്റേറ്റ്മെന്റിൽ വരവായി ചേർത്തിട്ടുണ്ട്. ട്രയൽ ബാലൻസിലും ഈ തുക വരുമാനമായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഈ വരുമാനം Income And Expenditure Account ലെ അബ്സ്ട്രാക്റ്റിലോ ഷെഡ്യൂളിലോ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ Income And Expenditure Account പ്രകാരമുള്ള മിച്ച തുക 4,50,000 രൂപ കുറവ് കാണിക്കുന്നു. എന്നാൽ ഈ 4,50,000 രൂപ കൂടി വരുമാനമായി കണക്കാക്കിയ മിച്ച തുക തന്നെയാണ് കഴിഞ്ഞവർഷം വരെയുള്ള മിച്ച തുകയോട് ക്രമീകരിച്ച് തൻവർഷത്തെ ബാലൻസ്ഷീറ്റിൽ ക്രമീകരിച്ചിരിക്കുന്നത്. വിശദവിവരം ചുവടെ ചേർക്കുന്നു. സോഫ്റ്റ്‌വെയറിൽ തയ്യാറാക്കുന്ന കണക്കുകളിൽ ഇപ്രകാരം വ്യത്യാസം വന്നതു സംബന്ധിച്ച് ഐകെഎം ന്റെ ശ്രദ്ധയിൽപ്പെടുത്തി മറുപടി ലഭ്യമാക്കേണ്ടതാണ്.

| | | |
|---|---|---|
| പഞ്ചായത്തിന്റെ ആകെ വരുമാനം (A) | | 284509090 |
| ആകെ ചെലവ് (B) | | 173411407 |
| മിച്ചം തുക C= A-B | | 111097683 |
| Prior Period Income (I-19) | 68659 | |
| Prior Period Expenditure (I-18) | 5947 | |
| Net Difference Between Prior Period Income And Expenses ( D ) | | 62712 |
| Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D | | 111060395 |
| 31.03.2022 ലെ Excess Income Over Expenditure(F) | | 1079423 |
| 2022-23 ലെ Excess Income Over Expenditure(G=E+F) | | 112239818 |
| 2022-23 B1 ഷെഡ്യൂൾ പ്രകാരം Excess Income Over Expenditure(H) | | 112689818 |
| വ്യത്യാസം (H-G) | | 450000 |

## 1-1-3 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് -കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents"

ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1413495/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 10,69,33,741/-രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-1-4 Capital Contribution ശീർഷകത്തിലേക്ക് തുക മാറ്റിയിട്ടില്ല.

CFC Untied Basic Grant, CFC Tied Grant എന്നീ ഫണ്ടുകളിൽ നിന്നും മൂലധന ചെലവുകൾക്ക് ഉപയോഗിച്ച തുകകൾ Capital Contribution ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ,പേര് | വൗച്ചർ നമ്പർ/ തീയതി | തുക | ചെലവ് ബുക്ക് ചെയ്ത ശീർഷകം | ഫണ്ടിനം |
|---|---|---|---|---|---|
| 1 | 77/23 Vazhiyambalam Thodu Culvert Side Protection | 42200069/ 01.06.2022 | 185992 | 252110301 - Culverts- Renovation Of Culverts | Development Fund-CFC Tied Grant |
| 2 | 58/23-Chalingad Panambikunnu Road Drain Ward-9 | 42200172/ 30.06.2022 | 515053 | 252110005 - Roads- Drainage Renovation | |
| 3 | 59/23 Drain Near Vanaparambil Road Ward-13 | 42200119/ 14.06.2022 | 330000 | 252110005 - Roads- Drainage Renovation | |
| 4 | 61/ 23 Drain Near Sarada Anthikkad House Ward 15 | 42200208/ 08.07.2022 | 375000 | 252110005 - Roads- Drainage Renovation | |
| 4 | 74/ 23 Culvert Near Mahlara Mandanikkulam Road | 42200428/ 17.10.2022 | 158207 | 415110401 Culverts- New Culvert | |
| 5 | 223/23 Instalation Of Water ATM | 42200809/ 26.03.2023 | 494111 | 415120104 Other Buildings- Drinking Water Facilities | |
| 6 | 73/23-Completion Of EMS Road | 42200609/ 12.10.2022 | 149254 | 252110004 Roads- Concretting | Development Fund- -CFC Basic Grant |
| 7 | 18/23 KU Rman Road Ward-15 | 42200807/ 26.03.2023 | 407158 | 415110003 Roads-Tarred | |
| 8 | 19/23 Karappulli Road Ward-16 | 42200831/ 30.03.2023 | 492998 | 415110003 Roads-Tarred | |
| 9 | 25/23 Kuttikrishnan Nayar Koumudhiyamma Road Ward-16 | 42200832/ 30.03.2023 | 521453 | 415110003 Roads-Tarred | |

മേൽ തുകകൾ Capital Contribution ശീർഷകത്തിലേക്ക് മാറ്റാത്തതിനാൽ മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുക സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം

കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് സ.ഉ. 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്. 2023-24 സാമ്പത്തികവർഷത്തിൽ മേൽ പരാമർശിച്ച മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകക്ക് തത്തുല്യമായ തുക “Prior Period Income ” എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ഡെബിറ്റ് ചെയ്യുകയും ഉചിതമായ “Capital Contribution....” ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യേണ്ടതുമാണ്.

### 1-1-5 ചെക്കുകൾ നിക്ഷേപിച്ച് മാസങ്ങൾക്ക് ശേഷവും തുകകൾ ക്രെഡിറ്റ് ചെയ്യിട്ടില്ല

ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം Sbi Epay Account ൽ (A/C No.37163917733) 52,508.00 രൂപ “Cheques Deposited But Not Credited” ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ബാങ്കിൽ നിക്ഷേപിച്ചിട്ട് മാസങ്ങളോളമായിട്ടും ക്യാഷ്ചെയ്യാത്ത താഴെ ചേർത്തിരിക്കുന്ന ചെക്കുകൾ ഉൾപ്പെടുന്നു.

| ക്രമ നമ്പർ | വൗച്ചർ നം. | തീയതി | തുക |
|---|---|---|---|
| 1 | 1220200878<br>(Instrument No.204524dt.05.09.22) | 12.09.2022 | 35000 |
| 2 | 1220000428<br>(Instrument No.01dt.31.03.2022) | 13.10.2022 | 6331 |

ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ് .

### 1-1-6 " Directly Credited By Bank”തുകകൾ ക്രമീകരിച്ചില്ല

“Directly Credited By Bank” എന്ന ഇനത്തിൽ താഴെ പറയുന്ന ഇനങ്ങൾ ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

| അക്കൗണ്ട് നം/ബാങ്ക് | തീയ്യതി | തുക |
|---|---|---|
| Federal Bank<br>15170100311194 | 03.03.23 | 892 |
| | 25.03.23 | 2021<br>1277<br>727 |
| | 29.03.23 | 150 |
| | 31.03.2023 | 300 |
| | Total | **5367** |
| Federal Bank (Egram Swaraj)<br>15170100298383 | 05.07.22 | 2 |
| | 31.03.22 | 12034 |
| | Total | **12036** |
| Sbi Epay<br>37163917733 | 09.06.22 | **713218** |

ബാങ്കുമായി ബന്ധപ്പെട്ട് ഈ വരവ് പഞ്ചായത്തിന് അർഹതപ്പെട്ടതാണോയെന്ന് പരിശോധിച്ച് അത് ഉചിതമായ ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതും കണക്കിലെടുക്കേണ്ടതുമാണ് ഈ തുകകൾ ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷികകണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2022-23 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

### 1-1-7 " Directly Debited By Bank”തുകകൾ ക്രമീകരിച്ചില്ല

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ട്പാസ്സ്ബുക്കിൽ വന്ന ഡെബിറ്റ് തുകകൾ 31/3/2023 വരെയുള്ള എല്ലാ മാസവും റീകൺസീലിയേഷൻ പത്രിക യിൽ " Directly Debited By Bank" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി വരികയാണ് ചെയ്തിട്ടുള്ളത്. ബാങ്കുമായി ബന്ധപ്പെട്ട് ഈ ചെലവ് പഞ്ചായത്തുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുക ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തുക പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ തിരികെ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും, പഞ്ചായത്തുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ ഉചിതമായ ശീർഷകത്തിൽ ആയതിന് ചെലവ് രേഖപ്പെടുത്തേണ്ടതും കണക്കിലെടുക്കേണ്ടതുമാണ് .

ഈ തുക ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2022-23 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി

| അക്കൗണ്ട് നം/ബാങ്ക് | തീയ്യതി | തുക |
|---|---|---|
| Federal Bank (Egram Swaraj) 15170100298383 | 03.04.22 | 2808<br>225000 |
| | 12.05.22 | 1685 |
| | 05.07.22 | 5463 |
| | 06.07.22 | 60442 |
| | 28.02.23 | 2528 |
| | 31.03.23 | 2523 |
| | Total | 445449 |

## 1-1-8 B-4 ഷെഡ്യൂളിലെ ബാലൻസും B-17 ലെ ബാലൻസും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/2022 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/3/2022 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
| 1 | 320100181 | Total Sanitation Campaign | 25000 | 450210101 | IDBI(0001) | 0 |
| | 320100198 | Grant From Suchitwa Mission | 380228 | | | |
| | | ആകെ | 405228 | | | |
| 2 | 320100202 | Health Grant | 166359 | 450210101 | Canara Bank 110045816504 | 169900 |
| | 320100204 | Health Grant | 135000 | | Canara Bank 110046703280 | 136890 |
| | | ആകെ | 301359 | | ആകെ | 306790 |

| | | | | | | |
|---|---|---|---|---|---|---|
| 3 | 320200104 | CFC Basic Grant | 1908542 | 450210101 | Federal Bank 15170100298383 | 9387610 |
| | 320200113 | CFC Tied Grant | 7344926 | | | |
| | | ആകെ | 9253468 | | | |

തുകകൾ വരും വർഷത്തിൽ ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-9 ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ക്രമ നമ്പർ | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 450210101 | KGB Covid Donation 402881011059225 | 246907 |
| 2 | 450210101 | KGB Bhavananidhi 40288101038116 | 5670 |

മേൽ അക്കൗണ്ടുകൾ പരിശോധിച്ച് നീക്കിയിരിപ്പ് തുകകളിൻ മേൽ ഉചിത നടപടി കൈക്കൊള്ളേണ്ടതാണ്.

## 1-1-10 വസ്തു നികുതി -ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ ILGMS ലെ ഫിനാൻസ് മൊഡ്യൂളിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷിക കണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും ILGMS ലെ ഫിനാൻസ് മൊഡ്യൂളിൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്

തൻവർഷം

റെസിഡൻഷ്യൽ

| | കളക്ഷൻ |
|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3972416 |
| വാർഷികകണക്കിലെ വിവിധപത്രികകൾ പ്രകാരം | 3976524<br>(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) |

നോൺ റെസിഡൻഷ്യൽ

| | കളക്ഷൻ |
|---|---|

| | |
|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2626483 |
| വാർഷികകണക്കിലെ വിവിധപത്രികകൾ പ്രകാരം | 2596424 |
| | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) |

കുടിശ്ശിക

റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ |
|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 53320 | 50283 |
| വാർഷികകണക്കിലെ വിവിധപത്രികകൾ പ്രകാരം | 25260 | 50358 |
| | (14667+11856)/105*100)) (2021-22ബാലൻസ്ഷീറ്റ്ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) |

നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ |
|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2623839 | 92492 |
| വാർഷികകണക്കിലെ വിവിധപത്രികകൾ പ്രകാരം | 130973 | 96808 |
| | ((35061+102461)/105*100)) (2021-22ബാലൻസ്ഷീറ്റ്ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) |

**1-1-11 ലൈബ്രറി സെസ്- വാർഷിക കണക്കും ഡി.സി.ബി.രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.**

| | | ഡിമാന്റ് (തൻവർഷം + കുടിശ്ശിക) | കളക്ഷൻ (തൻവർഷം + കുടിശ്ശിക) | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് |
|---|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 205475 | 203948 | 1818 | |
| | നോൺ-റെസിഡൻഷ്യൽ | 139154 | 136931 | 364 | |
| | ആകെ | 344629 | 340879 | 2182 | 3311 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 11320 | 335741 | --- | 343061 (2550+201398+ 1818+4633+ 132298+364) |

| | | | | |
|---|---|---|---|---|
| | 7842+3478= (2021-22ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101 -State Govt . Cess/levies...... ലെഡ്ജർ 2022-23) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-35(വരവ്)) | | (431910101 -State Govt . Cess/levies...... ലെഡ്ജർ 2022-23) |

ലൈബ്രറി സെസ്സ് ഇനത്തിൽ തൻവർഷം കളക്ഷൻ വാർഷിക കണക്ക് പ്രകാരം335741 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 340879 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt Cesses/levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 343061രൂപയാണ്.

(വൗച്ചർനം.43100101,43100104+43100103),തീ.31.3.2023(2550+201398+1818+4633+132298+364=343061)

## 1-1-12 രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1.തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3. FACTEAOS ഡിമാന്റ് രജിസ്റ്റർ

4. പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

5. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

6. വാടക ഡിമാൻഡ് രജിസ്റ്റർ

7. ലൈബ്രറി വരവ് രജിസ്റ്റർ

## 1-1-13 അക്രൂവൽ ആയി രേഖപ്പെടുത്തേണ്ട ഡിമാന്റ്-രജിസ്റ്ററുകളും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

അക്രൂവൽ ആയി രേഖപ്പെടുത്തേണ്ട തൊഴിൽനികുതി (പ്രൊഫഷണൽസ്/ഇൻസ്റ്റിറ്റ്യൂഷൻസ്), ഫാക്ടറി, വ്യാപാര ലൈസൻസ് ഡിമാന്റ് തുകകൾ ഡിമാന്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | കളക്ഷൻ | |
|---|---|---|
| തൊഴിൽനികുതി (പ്രൊഫഷണൽസ്/ ഇൻസ്റ്റിറ്റ്യൂഷൻസ്) | വാർഷിക കണക്ക് പ്രകാരം | രജിസ്റ്റർ പ്രകാരം |
| | 230600 | 514900 |
| ഫാക്ടറി | 250800 | 275500 |

| | | | |
|---|---|---|---|
| വ്യാപാര ലൈസൻസ് | | | |

**1-1-14 അക്രൂവൽഅല്ലാതെ രേഖപ്പെടുത്തേണ്ട ഇനങ്ങൾ അതത് ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല.**

| ഇനം | രസീറ്റ് &പെയ്മെന്റ് പത്രിക പ്രകാരം കളക്ഷൻ | രജിസ്റ്റർ പ്രകാരം കളക്ഷൻ | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി9പ്രകാരം ബാലൻസ് | രജിസ്റ്റർ പ്രകാരം ബാലൻസ് |
|---|---|---|---|---|
| തൊഴിൽനികുതി (ജീവനക്കാർ) | 816300 | 849300 | 1950 | 0 |
| ലൈബ്രറി വരവ് | 2654 | 2675 | 0 | 0 |

**1-1-15 വാടക,ലേലം രജിസ്റ്ററുകൾ കൃത്യതയോടെ സൂക്ഷിക്കുന്നില്ല**

വാടക, ലേലം രജിസ്റ്ററുകളിൽ വരവ് വിവരങ്ങൾ പൂർണ്ണമായി ചേർത്തിട്ടില്ല. രജിസ്റ്ററുകളിൽ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ മേൽ രജിസ്റ്ററുകൾ വാർഷികകണക്കുമായി ഒത്തു നോക്കാൻ സാധിച്ചിട്ടില്ല. രജിസ്റ്ററുകൾ കൃത്യതയോടെ പരിപാലിക്കേണ്ടതാണ്.

**1-1-16 മുൻകൂർ തുകയുടെ കണക്കുകൾ ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല.**

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്നവരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം | വരുമാനം | മുൻകൂർ ശീർഷകം | 31.03.2023 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽനികുതി | 350410102-Advance Collection Of Revenues -Professional Tax/inst/trad/prof | 163150 |
| 2 | ഫാക്ടറി-വ്യാപാര ലൈസൻസ് | 350410301-Advance Collection Of Revenues -Property Tax On Non-Residential Building | 96500 |

**1-1-17 Prior Period Income-വൗച്ചറുകളും വർക്ക് ഷീറ്റുകളും സൂക്ഷിക്കുന്നില്ല**

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-19) പ്രകാരം “190000000-Prior Period Income” എന്ന ഷെഡ്യൂളിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-19) | 31/3/2023ലെ ലെഡ്ജർ ബാക്കി |
|---|---|

| | |
|---|---|
| 190100101-Prior Period Income -Property Tax | 13614 |
| 190100102-Prior Period Income -Professiontax(inst/traders) | 250 |
| 190200201-Prior Period Income -License Fees | 200 |
| 190200400-Prior Period Income -Other Income | 5116 |

### 1-1-18 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല.

### 1-1-19 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

### 1-1-20 കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ മുതൽ കൂട്ടിയിട്ടില്ല.

താഴെ പറയുന്ന കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ മുതൽ കൂട്ടിയിട്ടില്ല.

കേരള ഫിനാൽഷ്യൽ കോഡ് വോള്യം1 ആർട്ടിക്കിൾ 282 പ്രകാരം തിരിച്ച നൽകേണ്ട കാലയളവിനുശേഷം മൂന്ന് വർഷത്തിലധികം അവകാശപ്പെടാത്ത ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതുണ്ട്. താഴെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റുകൾ പരിശോധിച്ച് മുതൽ കൂട്ടേണ്ടത് മുതൽ കൂട്ടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| ഡെപ്പോസിറ്റ് തീയതി | തുക |
|---|---|
| Contractors EMD/31.10.2018 | 10620 |
| Suppliers SD/28.03.2018 | 1730 |
| Contractors Retension/31.03.2017 | 9421 |
| Contractors Retension/03.07.2019 | 43644 |
| Bidders EMD/27.11.2018 | 1000 |
| Bidders EMD/28.11.2018 | 4000 |
| Bidders EMD/22.02.2019 | 500 |
| Bidders EMD/22.06.2019 | 2100 |
| Bidders EMD/20.09.2019 | 7000 |
| Bidders EMD/23.09.2019 | 1000 |
| Bidders EMD/24.09.2019 | 1000 |
| Bidders EMD/25.09.2019 | 11000 |
| Bidders EMD/09.10.2019 | 2500 |
| Bidders EMD/13.11.2019 | 1000 |

| | |
|---|---|
| Bidders EMD/16.12.2019 | 34500 |
| ,, | 33000 |
| ,, | 48000 |
| ,, | 36000 |
| ,, | 9000 |
| ,, | 53100 |
| Bidders EMD/28.12.2019 | 2000 |

## 1-1-21 ക്ലോസിങ് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം 225541 രൂപയുടെ ക്ലോസിങ് സ്റ്റോക്ക് ഉണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

## 1-1-22 ഡിപ്രീസിയേഷൻ വർക്ക്ഷീറ്റുകൾ തയ്യാറാക്കുയിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം (I-17A) 9792380രൂപ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

## 1-1-23 തേയ്മാനചെലവ് ആസ്തിയുടെ മൂല്യത്തേക്കാൾ അധികം കണക്കാക്കി

31/3/2023ലെ ബാലൻസ്ഷീറ്റ് B11 പ്രകാരം Fixed Assets ന് 345976 രൂപ വിലകണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തിയുടെ 31/3/2023 ലെ Accumulated Depreciation 1681906 രൂപയാണ്. ആസ്തിയുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക 2023-24 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

## 1-2 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 26.03.2022, തീരുമാനം നം.1[1] | |
| പ്രതീക്ഷിത വരവ്,ചെലവ് എന്നിവ | വരവ് | ചെലവ് |
| | 272946000 | 273437500 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി,കമ്മിറ്റി തീരുമാനം | 08.03.2023, തീരുമാനം നം.1[1] | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 275696000 | 269442500 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ലാപ്സായ തുക*/ നീക്കിയിരിപ്പ്** |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 28687000 | 28687000 | 26664628 | 3022372* |
| വികസന ഫണ്ട്-എസ്.സി.പി | 0 | 8005000 | 8005000 | 7181184 | 823816* |
| മെയിന്റനൻസ്, റോഡ് | 0 | 13204000 | 13204000 | 8506928 | 4697072* |
| മെയിന്റനൻസ്, | 0 | 6460000 | 6460000 | 5533160 | 926840* |

| | | | | | |
|---|---|---|---|---|---|
| നോൺ-റോഡ് | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ബാങ്ക് – ടൈഡ്) | 5545252 | 7483000 | 13028252 | 5683326 | 7344926 ** |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ബാങ്ക് – അടിസ്ഥാന ഗ്രാന്റ് ) | 1450813 | 5300082 (പലിശ 311082 ഉൾപ്പെടെ) | 6750895 | 4842353 | 1908542** |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ട്രഷറി-ടൈഡ്) | ഇല്ല | 2269777 | 2269777 | 140890 | 2128887* |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ട്രഷറി അടിസ്ഥാന ഗ്രാന്റ് ) | ഇല്ല | 350723 | 350723 | ഇല്ല | 350723* |
| ശുചിത്വം | 25000 | 0 | 25000 | 0 | 25000** |
| ശുചിത്വമിഷൻ | 2666217 | 347000 | 3013217 | 2632989 | 380228** |
| Flood Relief Grant | 0 | 58815 | 58815 | 58815 | 0 |
| MP LAD | 0 | 1100000 | 1100000 | 1100000 | 0 |
| Health Grant | 0 | 264733 | 264733 | 98374 | 166359** |
| Health Grant | 0 | 135000 | 135000 | 0 | 135000** |
| ഐസിഡിഎസ് | 0 | 1217126 | 1217126 | 0 | 1217126** |
| Other Liabilities | 25500 | 0 | 25500 | 0 | 25500** |
| Grants, Funds & Contributions For Specific Purposes | 5512 | 0 | 5512 | 0 | 5512** |

1)വികസന ഫണ്ട്-ജനറൽ, എസ്.സി.പി എന്നിവയുടെ വരവ് തുകയിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ Source Deduction ന് മുമ്പുള്ള തുകയല്ല ചേർത്തിരിക്കുന്നത്.

2)GO(Rt)No.1049/23 പ്രകാരം എസ്.സി.പി വരവ് തുക 2667500 രൂപയാണ്.Source Deduction കുറവ് ചെയ്ത തുക 2462002 രൂപയാണ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ചേർത്ത തുക 1641334 രൂപ.

2) സി.എഫ്.സി ടൈഡ്, സി.എഫ്.സി അൺടൈഡ് എന്നിവയുടെ മുന്നിരിപ്പ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ കാണിച്ചിട്ടില്ല. വരവിൽ പലിശ ഉൾപ്പെടുത്തിയിട്ടില്ല. സി.എഫ്.സി ടൈഡ് ട്രഷറിയിലെ 140890 രൂപയുടെ ചെലവ് ബാങ്കിൽ നിന്നുള്ള ചെലവായാണ് ലെഡ്ജറിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

മേൽ അപാകതകൾ പരിഹരിച്ച ഗ്രാന്റ് വിനിയോഗവിവരങ്ങളാണ് ഈ ഖണ്ഡികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ദീർഘകാലമായി ചെലവഴിക്കാതെ കിടക്കുന്ന, ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള ഫണ്ടുകൾ, ആവശ്യമില്ലാത്തപക്ഷം സോഴ്സിലേക്ക് തിരിച്ചടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതിത്തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 210 | 142432100 | 121 | 74156269 | 52.06% | 57.61% |

## 1-5 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2785000.00 | * |
| വിധവാ പെൻഷൻ | 17682000.00 | * |
| വാർദ്ധക്യകാല പെൻഷൻ | 36210000.00 | * |
| വികലാംഗ പെൻഷൻ | 5067200.00 | * |
| 50 വയസ്സിന് മേൽപ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 731600.00 | * |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം** | 210000 | 7 |

*ചെലവ് തുകകളെ സംബന്ധിക്കുന്ന വിവരങ്ങൾ പഞ്ചായത്ത് ലഭ്യമാക്കിയിട്ടുള്ളതും വാർഷികകണക്കിൽ ഉൾപ്പെടുന്നതുമാണ് (വിധവകളുടെ മക്കൾക്കുള്ള വിവാഹധനസഹായം ഒഴികെ). പഞ്ചായത്ത് ലഭ്യമാക്കിയ ഗുണഭോക്താക്കളുടെ എണ്ണം പ്രത്യക്ഷത്തിൽ തന്നെ കൃത്യമല്ല എന്ന് കാണുന്നതിനാലും അതിനെ ആധികാരികമാക്കുന്ന രേഖകൾ ഇല്ലാത്തതിനാലും റിപ്പോർട്ടിൽ ചേർക്കുന്നില്ല.

** വിധവകളുടെ മക്കൾക്കുള്ള വിവാഹധനസഹായം ഇനത്തിൽ തൻവർഷം ചെലവ് ഉണ്ടെങ്കിലും ആയത് വരവായോ ചെലവായോ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 695735.50 | 695735.50 | 688678.50 | 7057 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 19785000 | 19785000 | 19785000 | 0 |
| മെറ്റീരിയൽ കോസ്റ്റ് | 0 | 5774000 | 5774000 | 5774000 | 0 |
| ആകെ | 0 | 26254735.50 | 26254735.50 | 26247678.50 | 7057 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.10.2023 തീയതിയിൽ 3:30 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബുക്ക് പ്രകാരമുള്ള 14,082/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഓഡിറ്റ് സർട്ടിഫിക്കറ്റിനോടനുബന്ധിച്ചുള്ള റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-9 തനത് വരുമാനം - പൊതു അവലോകനം

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

ഗ്രാമ പഞ്ചായത്തിന്റെ തനത് വരുമാനത്തിലെ കുടിശിക നിവാരണ യജ്ഞത്തിന്റെ ഭാഗമായി 2022 നവംബർ മാസം എല്ലാ വാർഡുകളിലും വസ്തുനികുതി കളക്ഷൻ ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്. കുടിശ്ശികയുള്ള കെട്ടിടങ്ങൾക്ക് CDS അംഗങ്ങൾ വഴി ഡിമാന്റ് നോട്ടീസ് എത്തിച്ച് നൽകുകയും, IKM BULK SMS വഴി എല്ലാവർക്കും അറിയിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. മൈക്ക് അനൗൺസ്മെന്റ്, പൊതുജനങ്ങൾക്ക് നോട്ടീസ് വിതരണം പോലെയുള്ള പ്രചാരണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പഞ്ചായത്തിന് നിലവിൽ നികുതി കുടിശ്ശിക ഇല്ലാത്തതിനാൽ 01.06.2022ലെ സ.ഉ.(കൈ) നം.117/2022/LSGD പ്രകാരം കുടിശ്ശികയും അത് ഏതു കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ടെങ്കിലും വാർഷികകണക്കിലെ ബാലൻസ്ഷീറ്റ് പ്രകാരം വസ്തുനികുതിയിനത്തിൽ കുടിശ്ശിക ഉള്ളതായി കണ്ടു. നികുതി വരുമാനത്തിന്റെ ഡിസിബി സ്റ്റേറ്റ്മെന്റുകൾ സാമ്പത്തിക വർഷാവസാനം ധനകാര്യ കമ്മിറ്റിയിൽ അവതരിപ്പിക്കാറുണ്ട്. ഓഡിറ്റ് നിർദ്ദേശ പ്രകാരം ഡിസിബി സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കി മൂന്നുമാസത്തിലൊരിക്കൽ ഭരണസമിതി യോഗത്തിൽ സമർപ്പിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്നുമാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തുന്നില്ല. തുടർന്നുള്ള എല്ലാ ഗ്രാമസഭകളിലും ഓഡിറ്റ് നിർദ്ദേശം പാലിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം.05/06.10.2023)

വരുമാന വർദ്ധനവ്

കഴിഞ്ഞ രണ്ട് വർഷത്തെ നികുതി നികുതിയേതര വരുമാനങ്ങളുടെ വർദ്ധനവ് താഴെ ചേർക്കും പ്രകാരമാണ്.

| ഇനം | 2021-22 | 2022-23 | വർദ്ധനവ് ( % ) | |
|---|---|---|---|---|
| വസ്തുനികുതി റെസിഡൻഷ്യൽ | 3812337 | 3984441 | 4.51% | 334 കെട്ടിടങ്ങൾ 2022-23 ൽ അസ്സസ് ചെയ്തു. |
| വസ്തുനികുതി നോൺ റെസിഡൻഷ്യൽ | 2531264 | 2623839 | 3.65% | |
| തൊഴിൽ നികുതി- സ്ഥാപനങ്ങൾ, ട്രേഡേഴ്സ് | 583450 | 514900 | -11.75% | |
| തൊഴിൽ നികുതി - ജീവനക്കാർ | 897665 | 849300 | -5.38% | |
| FACTEOS ലൈസൻസ് | 285462 | 275550 | -3.47% | |

തൊഴിൽ നികുതി - സ്ഥാപനങ്ങൾ & ട്രേഡേഴ്സ്, തൊഴിൽനികുതി -ജീവനക്കാർ, FACTEOS ലൈസൻസ് എന്നീ ഇനങ്ങളിൽ മുൻ വർഷത്തേക്കാൾ കളക്ഷൻ കുറവാണ്. ഹൈവേ വികസനത്തിന്റെ ഭാഗമായി പഞ്ചായത്ത് പരിധിയിലുള്ള ധാരാളം സ്ഥാപനങ്ങൾ പൊളിച്ചു മാറ്റിയിട്ടുണ്ട്. ആയത് മേലിനങ്ങളിലെ കളക്ഷൻ കുറയാൻ കാരണമായിട്ടുണ്ട്. വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവയുടെ ഡിമാന്റ് തുക കണക്കാക്കുന്നതിലെ കൃത്യത ഉറപ്പാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഭൂമിയുടെയും അതിന്റെ വിനിയോഗത്തേയും, കെട്ടിടങ്ങളേയും സംബന്ധിക്കുന്ന മാസ്റ്റർ ഡാറ്റാ ബേസ് ഇല്ലാത്തതാണ്. ആയതിനാൽ മുഴുവൻ നികുതി നികുതിയേതര വരുമാനങ്ങളുടെയും ഡിമാന്റ് പൂർണമായും നടത്തിയോ എന്ന പരിശോധന നടത്താൻ സ്ഥാപനത്തിനോ ഓഡിറ്റിനോ സാധിക്കുന്നില്ല.

വസ്തുനികുതി

01.04.2023 ലെ വസ്തു നികുതി പരിഷ്കരണങ്ങൾ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശയോടെ സർക്കാർ

നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി മറ്റു പ്രത്യേകതകൾ എന്നിവ പരിഗണിച്ച് ഓരോ കെട്ടിട വിഭാഗത്തിന്റെയും അടിസ്ഥാന നിരക്കുകൾ, ഗ്രാമപഞ്ചായത്ത് ഭൂപ്രദേശത്തെ മേഖല തരംതിരിവ് എന്നിവ സംബന്ധിച്ച കരട് വിജ്ഞാപനം കൈപ്പമംഗലം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 18.05.2023 തീയതിയിലെ (1) നമ്പർ തീരുമാനപ്രകാരം 30.05.2023 തിയതിയിൽ പുറപ്പെടുവിച്ച് പഞ്ചായത്ത് പരിധിയിലുള്ള വിവിധ ഓഫീസുകളിൽ പ്രദർശിപ്പിക്കുകയും നിശ്ചിത സമയ പരിധിക്കുള്ളിൽ യാതൊരു പരാതിയും ലഭിക്കാത്ത സാഹചര്യത്തിൽ 10.08.2023 ൽ അന്തിമ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

01.04.2023 തീയതിയിലെ വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച് IKM -ൽ നിന്നും സോഫ്റ്റ്‌വെയർ അപ്ഡേഷൻസ് ലഭ്യമാകാത്തതിനാൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ പുതിയ നിരക്ക് അപ്ഡേറ്റ് ചെയ്തിട്ടില്ല. ആയതിനാൽ പുതുക്കിയ നിരക്കിൽ നിലവിൽ (01.04.2023 മുതൽ) നികുതി ഈടാക്കി തുടങ്ങിയിട്ടില്ല. ഫോറം 9-A എല്ലാവർക്കും നൽകിയിട്ടുണ്ട്. വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഡാറ്റാ പ്യൂരിഫിക്കേഷൻ നടത്തി ഡാറ്റാ ലോക്ക് ചെയ്തിട്ടില്ല.

2022-23 ലെ വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി നിലവിലുള്ള വസ്തു നികുതിയുടെ 5% വർദ്ധനവ് സംബന്ധിച്ച് സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്തിയിട്ടുണ്ട്. 5% വർദ്ധനവിൽ നികുതി നിലവിൽ ഈടാക്കുന്നുണ്ട്. 2011-ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വീതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണയിക്കുമ്പോൾ പ്രസ്തുത മേഖലകളുടെ അടിസ്ഥാനത്തിലാണ് നികുതി ഇളവ് അനുവദിക്കേണ്ടത്. ഗ്രാമപഞ്ചായത്ത് ഭൂപ്രദേശത്തെ വിവിധ മേഖലകൾ ആയി തരംതിരിച്ച് വിജ്ഞാപനം ചെയ്തിട്ടുണ്ടെങ്കിലും പഞ്ചായത്തിൽ മേഖലാ തലത്തിലുള്ള മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. പഞ്ചായത്തിൽ വാർഡ് തലത്തിലുള്ള റോഡ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട് എന്നാൽ റോഡ് മാപ്പ് തയ്യാറാക്കിയിട്ടില്ല.

തുറസ്സായ സ്ഥലവും പാർക്കിംഗ് സ്ഥലവും കയ്യേറി നടത്തുന്ന അനധികൃത കെട്ടിട നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനായി സർക്കുലർ RB3/178/2020-ത.സ്വ.ഭ.വ തിയതി.20.06.2022 പ്രകാരം ഫീൽഡ് സന്ദർശനങ്ങൾ നടത്തുകയും കണ്ടെത്തുന്ന അനധികൃത നിർമ്മാണങ്ങൾ പൊളിച്ചുകളയുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. 4/36 നമ്പർ കെട്ടിടം പാർക്കിംഗ് കയ്യേറിയഭാഗം പൊളിച്ചുമാറ്റുന്നതിന് നോട്ടീസ് നൽകുകയും ഉടമ പൊളിച്ചുമാറ്റുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിലുള്ള നടപടികൾ അഭിനന്ദനാർഹമാണ്.

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം നിലവിലുള്ള കെട്ടിടങ്ങൾ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ കുറവ് നിരക്കിലുള്ള ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണയിച്ചതായും കാണുന്നു. പുതിയ വിജ്ഞാപന പ്രകാരം നികുതി നിരക്കുകൾ പരിഷ്കരിക്കുമ്പോൾ ടി കെട്ടിടങ്ങൾക്ക് തെറ്റായ നിരക്കിൽ നികുതി നിർണയിക്കാനുള്ള സാധ്യത വളരെ കൂടുതലാണ്. മാത്രമല്ല ഇത്തരത്തിൽ നികുതി നിർണയം നടത്തുമ്പോൾ വൻ തോതിലുള്ള വരുമാന നഷ്ടത്തിനും ഇടയുണ്ട്. ആയതിനാൽ കെട്ടിടങ്ങളിൽ സ്ഥല പരിശോധന നടത്തിയതിനു ശേഷം ബാധകമായ നിരക്കിൽ നികുതി നിർണയിക്കേണ്ടതാണ്.

സേവന ഉപനികുതി

പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി (ജലവിതരണം ശുചിത്വ പരിപാലനം തെരുവുവിളക്കുകൾ ഡ്രൈനേജ് തുടങ്ങിയവ) ചുമത്തുകയും പിരിച്ചെടുക്കുകയും ചെയ്യുന്നില്ല. ആയതിനുള്ള സാധ്യത ഭരണ സമിതി പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്. കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഇല്ല.

തൊഴിൽ നികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയംതൊഴിൽ ഏർപ്പെട്ടിരിക്കുന്നവർ (അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിങ് പ്ലാനുകൾ തയ്യാറാക്കുന്ന എൻജിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ) സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി കൊടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റ ബേസ് സൂക്ഷിക്കുന്നില്ല. നികുതി അടവാക്കിയവരുടെ വിവരങ്ങൾ മാത്രമാണ് ഡിമാന്റ് രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടുള്ളത്. തൊഴിൽ നികുതി

ചട്ടങ്ങൾ പ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം ചെയ്യുന്നുണ്ട്.

വിനോദനികുതി

അമ്യൂസ്മെന്റ് പാർക്ക്, ടർഫ് കോർട്ട്, ഇൻഡോർ ക്ലബ്ബ്/സ്റ്റേഡിയം, നീന്തൽകുളങ്ങൾ, കേബിൾ ടിവി നെറ്റ്വർക്ക് എന്നിവയ്ക്ക് നിലവിൽ പഞ്ചായത്തിൽ പ്രവർത്തന അനുമതി നല്കിയിട്ടില്ല. 2022-23 സാമ്പത്തികവർഷത്തിൽ പഞ്ചായത്ത് പരിധിയിൽ വിപണനമേളകൾ ഒന്നും തന്നെ നടന്നിട്ടില്ല. പഞ്ചായത്ത് പരിധിയിൽ സിനിമ തിയറ്ററുകളൊന്നും പ്രവർത്തിക്കുന്നില്ല. ആയതിനാൽ തന്നെ പഞ്ചായത്തിന് വിനോദനികുതി ഇനത്തിൽ വരുമാനമില്ല.

**നികുതിയേതര വരവുകൾ**

(1) വ്യവസായങ്ങൾക്കും,ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ്

പഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നുണ്ട്. കേരള പഞ്ചായത്ത് രാജ് വ്യവസായങ്ങൾക്കും, ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ്, ഭേദഗതി ചട്ടങ്ങൾ 2017ലെ ചട്ടം 18,21,24 എന്നിവ പ്രകാരം പരിശോധന നടത്തിയിട്ടുണ്ട്.

(2) ലേലം, വാടക, ഫലവൃക്ഷങ്ങൾ എന്നിവയിൽ നിന്നുള്ള ആദായം സംബന്ധിച്ച പരിശോധന-

കാലഹരണപ്പെട്ട ആസ്തികൾ യഥാസമയം ലേലം ചെയ്യുന്നുണ്ട്. ലേലം സംബന്ധിച്ച അപാകതകൾ ഖണ്ഡിക 1-21 ൽ പരാമർശിച്ചിട്ടുണ്ട്.
വാടകയിനത്തിൽ 2022-23 വർഷം പഞ്ചായത്തിന് നല്ലൊരു തുക വരുമാനമായി ലഭിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ ഗ്രാമപഞ്ചായത്തിലെ ഷോപ്പിങ് കോംപ്ലക്സിലെ മുറികളെല്ലാം ഒഴിഞ്ഞുകിടക്കുന്നതായി 11.10.2023 ന് നടത്തിയ സ്ഥലപരിശോധനയിൽ കാണപ്പെട്ടു. ഒഴിഞ്ഞുകിടക്കുന്ന മുറികൾ എത്രയും വേഗം വാടകയ്ക്ക് നൽകുവാനും, വാടക കുടിശ്ശികയിനത്തിൽ പഞ്ചായത്തിന് ലഭിക്കാനുള്ള ഭീമമായ തുക ഈടാക്കുന്നതിനും ഉള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വാടക കുടിശ്ശികയിനത്തിൽ പഞ്ചായത്തിന് ലഭിക്കാനുള്ള ഭീമമായ തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) മറ്റിനങ്ങൾ

പ്രാദേശിക/പാരിസ്ഥിതിക അവസ്ഥയ്ക്കനുസരിച്ച് ലഭ്യമാകാവുന്ന വരവുകൾ (നിലവിൽ ലഭിക്കുന്നത്/ഭാവിയിൽ വരുമാന മാർഗ്ഗമാക്കാവുന്നത്) കണ്ടെത്തിയിട്ടില്ല. ആയത് സംബന്ധിച്ച് സാധ്യതാപഠനത്തിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-10 രസീത് പരിപാലനത്തിലെ അപാകതകൾ**

പഞ്ചായത്തിലെ വരവ് സംബന്ധിച്ചിട്ടുള്ള വിവിധ രസീതുകളും കളക്ഷൻ രജിസ്റ്ററും ഡേ ബുക്ക്, ക്യാഷ് ബുക്ക് എന്നിവയും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കാണപ്പെട്ടു.

1.രസീതുകൾ ക്യാൻസൽ ചെയ്തിട്ടുള്ളതിൽ കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
രസീത് ബുക്ക് 15851 , രസീത് നം. 1, 2
രസീത് ബുക്ക് 15848 , രസീത് നം. 4, 9, 11, 20

2.രസീതുകളിൽ തുക രേഖപ്പെടുത്തിയിട്ടില്ല.

രസീത് ബുക്ക് 15851 , രസീത് നം. 70

രസീത് ബുക്ക് 15855 , രസീത് നം. 17

രസീത് ബുക്ക് 15855 , രസീത് നം. 91

രസീത് ബുക്ക് 15844 , രസീത് നം. 80

3.ഉപയോഗശേഷം രസീത് ബുക്കിലെ ബാക്കി വന്നിട്ടുള്ള രസീതുകൾ ക്യാൻസൽ ചെയ്തിട്ടില്ല.
രസീത് ബുക്ക് 15844 രസീത് നം.99 വരെയേ ഉപയോഗിച്ചിട്ടുള്ളൂ. ബാക്കി രസീതുകൾ ക്യാൻസൽ ചെയ്തിട്ടില്ല.

രസീത് ബുക്ക് 15845 രസീത് നം.55 വരെയേ ഉപയോഗിച്ചിട്ടുള്ളൂ. ബാക്കി രസീതുകൾ ക്യാൻസൽ ചെയ്തിട്ടില്ല.

രസീത് ബുക്ക് 15846 രസീത് നം.79 വരെയേ ഉപയോഗിച്ചിട്ടുള്ളൂ. ബാക്കി രസീതുകൾ ക്യാൻസൽ ചെയ്തിട്ടില്ല.

രസീത് ബുക്ക് 15856 രസീത് നം.27 വരെയേ ഉപയോഗിച്ചിട്ടുള്ളൂ. ബാക്കി രസീതുകൾ ക്യാൻസൽ ചെയ്തിട്ടില്ല.

രസീത് ബുക്ക് 15857 രസീത് നം.31 വരെയേ ഉപയോഗിച്ചിട്ടുള്ളൂ. ബാക്കി രസീതുകൾ ക്യാൻസൽ ചെയ്തിട്ടില്ല.

രസീത് ബുക്ക് 15847 രസീത് നം.26 വരെയേ ഉപയോഗിച്ചിട്ടുള്ളൂ. ബാക്കി രസീതുകൾ ക്യാൻസൽ ചെയ്തിട്ടില്ല.

രസീത് ബുക്ക് 15860 രസീത് നം.23 വരെയേ ഉപയോഗിച്ചിട്ടുള്ളൂ. ബാക്കി രസീതുകൾ ക്യാൻസൽ ചെയ്തിട്ടില്ല.

4.കൃഷി ഓഫീസർക്ക് നൽകിയ 15849, 15850, 15851 നം. രസീത് ബുക്കുകളിലെ മുഴുവൻ രസീതുകളിലും ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കാതെയാണ് തീയതി എഴുതിച്ചേർത്തിരിക്കുന്നത്.

രസീത് പരിപാലനവുമായി ബന്ധപ്പെട്ട എല്ലാ ചട്ടങ്ങളും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.46/13.10.2023)

## 1-11 ജീവനക്കാരിൽ നിന്നും സ്ലാബ് പ്രകാരമുള്ള തൊഴിൽ നികുതി പൂർണമായും ഈടാക്കിയിട്ടില്ല

താഴെ പറയുന്ന ജീവനക്കാരിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി സ്ലാബ് പ്രകാരമുള്ള തുക പൂർണമായും ഈടാക്കിയിട്ടില്ല.

| ക്രമ നം. | പേര് | സ്ഥാപനം | അർദ്ധ വർഷം | വരുമാനം | ഈടാക്കേണ്ടിയിരുന്ന നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|---|---|
| 1 | ജൂലി ഷാബു (സ്റ്റാഫ് നേഴ്സ്) | Govt. PHC കൈപ്പമംഗലം | രണ്ടാം അർദ്ധവർഷം | 134300 | 1250 | 1000 | 250 |
| 2 | ജെഫ്ന പി. ജെ. (LPST) | GLPS കൈപ്പമംഗലം | രണ്ടാം അർദ്ധവർഷം | 114724 | 1000 | 750 | 250 |
| 3 | അനന്തു | PRIME DECOR FURNITURE & INTERIORS | രണ്ടാം അർദ്ധവർഷം | 48000 | 450 | 300 | 150 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.29/11.10.2023), തൊഴിൽനികുതിയിൽ കുറവ് വന്ന തുകകൾ തിരിച്ച് പിടിക്കുന്നതിന് എത്രയും വേഗം നടപടി സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കുറവ് വന്ന തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. പഞ്ചായത്തിന് കിട്ടേണ്ട വരുമാനം സമയബന്ധിതമായി ഈടാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-12 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ച് കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ്സു നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ച് കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ് (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204).

ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ അംഗീകൃത കരാറുകാരിൽ നിന്നും പരമാവധി തൊഴിൽ നികുതി ഈടാക്കാവുന്നതാണ്. ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡിപ്പാർട്ട്മെന്റ് എഞ്ചിനീയറിംഗ് വിംഗിൽ നിന്നും ലഭ്യമാക്കിയ രേഖകൾ പ്രകാരം 2022-23 സാമ്പത്തികവർഷം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കരാറുകാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ബാലഗോപാൽ ഇ.
2. നവീൻ ബാബു

3. സന്തോഷ് എം. ഡി.

4. നജീബ് പി. എ.

5. മുഹമ്മദ് സഗീർ

6. രഞ്ജിത്ത് ടി.

7. ഹാഷിം എം. എം.

8. രാധാകൃഷ്ണൻ കെ. കെ.

9. ഹുസൈൻ പി. എ.

10. സന്ദീപ് കെ. എസ്.

11. സജീവൻ പി. എ.

12. സിദ്ദീഖ് പി. ബി

13. മിഷേൽ കൃഷ്ണ ഇ.യു

14. T.K. LEVEN

എന്നാൽ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 2022-23 സാമ്പത്തികവർഷ കൈപ്പമംഗലം ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. മേൽപ്പറഞ്ഞ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അഥവാ അവർ മറ്റു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.29/11.10.2023)

## 1-13 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല

2022-23 സാമ്പത്തികവർഷത്തെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്ററും FACTEOS ലൈസൻസിനായി സ്ഥാപനങ്ങൾ സമർപ്പിച്ച അപേക്ഷകളും പരിശോധിച്ചപ്പോൾ ചുവടെ പറയുന്ന സ്ഥാപനങ്ങൾ സ്ഥാപനം പ്രവർത്തിക്കുന്നതിനാവശ്യമായ ജീവനക്കാരുടെ എണ്ണം അപേക്ഷയിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ഈ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കുന്നതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് നം. | ആവശ്യമായ ജോലിക്കാരുടെ എണ്ണം |
|---|---|---|---|
| 1 | ധനയ് മെഡികെയർ | 19/2022-23 | 12 |
| 2 | മദർ ലാബ് | 29/2022-23 | 3 |
| 3 | മുഗൾ ജ്വല്ലറി | 34/2022-23 | 4 |
| 4 | BIRDS EYE CONSTRUCTIONS | 35/2022-23 | 4 |
| 5 | അലയൻസ് വാട്ടർ സൊല്യൂഷൻസ് | 56/2022-23 | 5 |
| 6 | പവിഴം സ്റ്റിച്ചിംഗ് സെന്റർ | 77/2022-23 | 4 |
| 7 | SRS TASTE FOODS | 80/2022-23 | 4 |
| 8 | SHOP SMART RCM DEPOT | 84/2022-23 | 6 |
| 9 | CHITTOOR AGRO PARK LTD | 87/2022-23 | 4 |
| 10 | സതി ഇൻഡസ്ട്രീസ് | 94/2022-23 | 4 |

| | | | |
|---|---|---|---|
| 11 | ഡിന്നീസ് സൂപ്പർമാർക്കറ്റ് | 98/2022-23 | 3 |
| 12 | ഡിന്നീസ് ബേക്കറി | 99/2022-23 | 3 |
| 13 | ഡിന്നീസ് ബേക്കറി | 112/2022-23 | 3 |
| 14 | കാദർ സ്റ്റോഴ്സ് | 115/2022-23 | 5 |
| 15 | ZOI MATES AGRO PVT LTD | 138/2022-23 | 4 |
| 16 | ആൽഫ പാലിയേറ്റീവ് പരിചരണകേന്ദ്രം | 193/2022-23 | 11 |
| 17 | NEW INDIA ASSURANCE | 245/2022-23 | 3 |
| 18 | JJ TRADERS | 260/2022-23 | 8 |
| 19 | ആവണി നീതി ടെക്സ്റ്റയിൽസ് | 287/2022-23 | 5 |
| 20 | SUPPLYCO SUPERMARKET | 294/2022-23 | 5 |
| 21 | NEEDLE EYE | 295/2022-23 | 8 |
| 22 | യൂണിറ്റി അലുമിനിയം അലൈഡ്സ് | 351/2022-23 | 5 |
| 23 | സീസൺ ഫാൻസി & ഫുട്വെയർ | 301/2022-23 | 4 |
| 24 | ZAYAN FRUITS | 313/2022-23 | 4 |
| 25 | GLOBAL ENERGY SOLAR SOLUTIONS | 320/2022-23 | 4 |
| 26 | SKYLARK | 336/2022-23 | 4 |
| 27 | SOLID STEELS & BUILDING MATERIALS | 341/2022-23 | 4 |
| 28 | അജ്ജുബ വെജിറ്റബിൾസ് | 350/2022-23 | 4 |
| 29 | ഷഫീഖ് ഫ്ലോർമിൽ | | 4 |
| 30 | ബിലായ് മെക്കാനിക്ക് | 360/2022-23 | 12-15 |
| 31 | ORYX DEVELOPMENTS CONSTRUCTION COMPANY | 401/2022-23 | 4 |
| 32 | LIKE - 4 - GIRLS | 408/2022-23 | 6 |
| 33 | ജനകീയ ഹോട്ടൽ | 432/2022-23 | 4 |

ഇത് സംബന്ധിച്ച് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.29/11.10.2023), മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം വീഴ്ചകൾ സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. സ്ഥാപനങ്ങൾ ലൈസൻസിനായി അപേക്ഷിക്കുമ്പോൾ അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന ജീവനക്കാരുടെ എണ്ണത്തിനനുസൃതമായി തൊഴിൽനികുതി ഡിമാൻഡ് ചെയ്ത് തനതു വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

## 1-14 വസ്തു നികുതി-മേഖലാ നിർണയത്തിലെ അപാകങ്ങൾ

ഗ്രാമപഞ്ചായത്തിലെ മേഖലാ നിർണയത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

**എ) മേഖലാ ഭൂപടം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.**

2011-ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വീതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ അത്തരത്തിൽ മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 35/12.10.2023)

**ബി) ഒരേ പ്രദേശത്തെ/കെട്ടിടത്തിലെ സമീപ കെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല.**

ഗ്രാമപഞ്ചായത്തിൽ ഒരേ പ്രദേശത്തെ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല നിർണ്ണയം നടത്തിയിട്ടുണ്ട്. പഞ്ചായത്തിലെ ഒന്നാം വാർഡ് മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല നിർണയം നടത്തിയതായി കാണുന്നു.

| ക്രമ നം | കെട്ടിട നമ്പർ | ഉടമയുടെ പേര് | പ്രദേശം | റോഡ് തരം | മേഖല |
|---|---|---|---|---|---|
| 1 | 1/39 | മോഹനൻ കാരേക്കാട് | വെസ്റ്റ് ടിപ്പുസുൽത്താൻ റോഡ് | 1.5 മീറ്ററിൽ കൂടുതൽ | പ്രഥമം |
| | 1/39A | ഷാഫി പുതിയവീട്ടിൽ | വെസ്റ്റ് ടിപ്പുസുൽത്താൻ റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| 2 | 1/60 | റസിയ മുന്നാക്കപറമ്പിൽ | വെസ്റ്റ് ടിപ്പുസുൽത്താൻ റോഡ് | 1.5 മീറ്ററോ അതിൽ കുറവ് | പ്രഥമം |
| | 1/60 A | ജാസ്മി മുതൽ പേർ പുതിയവീട്ടില് | വെസ്റ്റ് ടിപ്പുസുൽത്താൻ റോഡ് | 1.5 മീറ്ററോ അതിൽ കുറവ് | ദ്വിതീയം |
| 3 | 1/82 B | മാലതി മരത്തേഴത്ത് | വെസ്റ്റ് ടിപ്പുസുൽത്താൻ റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| | 1/83 | ഗിരീഷ് ചന്ദ്രൻ & ഗിൽസൺബാബു കാരേക്കാട്ട് | വെസ്റ്റ് ടിപ്പുസുൽത്താൻ റോഡ് | 1.5 മീറ്ററിൽ കൂടുതൽ | പ്രഥമം |
| 4 | 1/86 | നാരായണൻ വേളേക്കാട്ട് | വെസ്റ്റ് ടിപ്പുസുൽത്താൻ റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | ത്രിതീയം |
| | 1/87 | ഇന്ദിര വെളമ്പത്ത് | വെസ്റ്റ് ടിപ്പുസുൽത്താൻ റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | പ്രഥമം |
| 5 | 1/107 B | ലീല മുതൽപേർ വെളേക്കാട്ട് | വെസ്റ്റ് ടിപ്പുസുൽത്താൻ റോഡ് | 1.5 മീറ്ററോ അതിൽ | പ്രഥമം |

| | | | | | |
|---|---|---|---|---|---|
| | | | | കുറവ് | |
| | 1/108 | ധർമ്മൻ വേളേക്കാട്ട് | വെസ്റ്റ് ടിപ്പുസുൽത്താൻ റോഡ് | 1.5 മീറ്ററോ അതിൽ കുറവ് | തൃതീയം |
| 6 | 1/118 | സ്മിത തുപ്പുണത്ത് | വെൽഫയർ റോഡ് | 1.5 മീറ്ററിൽ കൂടുതൽ | തൃതീയം |
| | 1/119 | സുരേഷ് നെടിയിരിപ്പിൽ | വെൽഫയർ റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| 7 | 1/172 | കാളിപ്പെണ്ണ് കിഴക്കേപ്പാട്ട് | വെസ്റ്റ് ടിപ്പുസുൽത്താൻ റോഡ് | 1.5 മീറ്ററോ അതിൽ കുറവ് | തൃതീയം |
| | 1/173 | ആനന്ദൻ കിഴക്കേപ്പാട്ട് | വെസ്റ്റ് ടിപ്പുസുൽത്താൻ റോഡ് | 1.5 മീറ്ററോ അതിൽ കുറവ് | പ്രഥമം |
| 8 | 1/184 A | സത്യൻ ടിയാൻ ഭാര്യ രജന കിഴക്കേപ്പാട്ട് | വെസ്റ്റ് ടിപ്പുസുൽത്താൻ റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | പ്രഥമം |
| | 1/184 B | സുമേഷ് ടിയാൻ ഭാര്യ ശാരി വേളേക്കാട്ട് | വെസ്റ്റ് ടിപ്പുസുൽത്താൻ റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | ദ്വിതീയം |
| 9 | 1/198 | ധർമ്മൻ മരത്തേഴത്ത് | വെസ്റ്റ് ടിപ്പുസുൽത്താൻ റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | പ്രഥമം |
| | 1/198 A | നിർമ്മല | വെസ്റ്റ് ടിപ്പുസുൽത്താൻ റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | ദ്വിതീയം |
| 10 | 1/200 | ആസിയ കാക്കശ്ശേരി | വെസ്റ്റ് ടിപ്പുസുൽത്താൻ റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | പ്രഥമം |
| | 1/201 | ഷഫീക്ക് മൂന്നാംകുറ്റ് | വെസ്റ്റ് ടിപ്പുസുൽത്താൻ റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | തൃതീയം |
| 11 | 1/248 | ബീരാൻ മൊയ്തീൻ മുഹമ്മദ് | വെസ്റ്റ് ടിപ്പുസുൽത്താൻ | 1.5 മീറ്ററോ | ദ്വിതീയം |

| | | | | | |
|---|---|---|---|---|---|
| | | പുത്തംകുളം | റോഡ് | അതിൽ കുറവ് | |
| | 1/249 | അബ്ദുൽകരീം, ഭാര്യ ഫസീല കുന്നങ്ങൽ | വെസ്റ്റ് ടിപ്പുസുൽത്താൻ റോഡ് | 1.5 മീറ്ററോ അതിൽ കുറവ് | ത്രിതീയം |
| 12 | 1/268 | അബ്ബാസ് തലാശ്ശേരിക്കാരൻ | വെൽഫയർ റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| | 1/269 | ഹബീബ പുറക്കളം | വെൽഫയർ റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ത്രിതീയം |
| 13 | 1/282 B | ലോഹിദാക്ഷൻ പള്ളത്ത് | വെൽഫയർ റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| | 1/282 A | ജയ ജയന്തി തലാശ്ശേരി | വെൽഫയർ റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ത്രിതീയം |
| 14 | 1/285 | നാരായണി കല്ലായി | വെൽഫയർ റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| | 1/286 | ഹംസ കുന്നങ്ങൽ | വെൽഫയർ റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ത്രിതീയം |
| 15 | 1/307 | മുഹമ്മദ്ഷരീഫ് ,ലിസാനത്ത് പുത്തന് വീട്ടില് | ആമക്കുഴി പാലം റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| | 1/307 A | വിജയലക്ഷ്മി മുതൽപേര് കിഴക്കേടത്ത് | ആമക്കുഴി പാലം റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ത്രിതീയം |
| 16 | 1/343 | സത്യൻ പള്ളത്ത് | വെൽഫയർ റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| | 1/343 A | രാഗി കുറുപത്ത് | വെൽഫയർ റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ത്രിതീയം |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 35/12.10.2023), ടാക്സ് റിവിഷൻ ഡാറ്റ എൻട്രി നടത്തുന്ന സമയത്ത് അപാകങ്ങൾ പരിശോധിച്ച് പരിഹരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് കെട്ടിടങ്ങളുടെ നികുതി അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-15 വസ്തു നികുതി നിർണയം - അടിസ്ഥാന നിരക്ക് തെറ്റായി രേഖപ്പെടുത്തി**

2011-ലെ കേരള പഞ്ചായത്ത്രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം ഉപയോഗക്രമത്തിനനുസരിച്ച് ഓരോ കെട്ടിടങ്ങൾക്കും അടിസ്ഥാന വസ്തുനികുതി നിരക്ക് ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കേണ്ടതാണ്. വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ

വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് അടിസ്ഥാന വസ്തു നികുതി 40/- രൂപയും 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണം ഉള്ളവയ്ക്ക് 55/- രൂപയും, 200 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്നിവയ്ക്ക് 75/- രൂപയുമാണ് കൈപ്പമംഗലം ഗ്രാമപഞ്ചായത്തിൽ നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ്വെയർ പരിശോധിച്ചതിൽ, 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി, 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള താഴെക്കൊടുത്തിരിക്കുന്ന വാണിജ്യകെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി 40/-രൂപ നിരക്കിൽ ഡിമാന്റ് ചെയ്ത് തുക ഈടാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം | ഉടമസ്ഥന്റെ പേര് | വിസ്തീർണ്ണം (ച.മീ) |
|---|---|---|---|
| 1 | 4/406 | ശ്വേത പൊറ്റേക്കാട്ട് | 128 |
| 2 | 4/524 B | സിസിലി മുതൽപേർ ചാലിശ്ശേരി | 140.06 |
| 3 | 4/654 | ഷാജഹാൻ.പി.എ പുതിയവിട്ടിൽ | 139 |
| 4 | 6/488 | രാജൻ & ബീന പട്ടിപറമ്പിൽ | 180.57 |
| 5 | 6/489 | രാജൻ & ബീന പട്ടിപറമ്പിൽ | 116 |
| 6 | 7/693 | യൂനസ് ഇല്ലത്തുപറമ്പിൽ | 120 |
| 7 | 8/127 A | മുഹമ്മദ് മൂസ പറൂപനക്കൽ | 595.311 |
| 8 | 9/252 A | സുബൈദ പുഴങ്കരയില്ലത്ത് | 227.65 |
| 9 | 10/368 | സുൽഫത്ത് ഓലക്കോട്ട് | 130 |
| 10 | 10/369 | സുൽഫത്ത് ഓലക്കോട്ട് | 120 |
| 11 | 11/16 | യൂസഫ് തോട്ടുപറമ്പത്ത് | 117 |
| 12 | 11/275 | മുഹമ്മദ് ഇക്ബാൽ കിഴക്കേവളപ്പിൽ | 278.8 |
| 13 | 11/276 | ആനി ചിറ്റിലപ്പിള്ളി | 150 |
| 14 | 11/283 | അഞ്ജു നെല്ലിക്കത്തറ | 100.5 |
| 15 | 11/284 | മിത്രൻ | 100.5 |
| 16 | 11/297 | മുഹമ്മദാലി നമ്പിപുന്നിലത്ത് | 139.4 |
| 17 | 11/302,303,304,305 | അഫ്സൽ കോഴിക്കാട്ടിൽ ഹൗസ് | 150+150+150+150 |
| 18 | 11/308 A | റജുല പണിക്കശേരി | 209.2 |
| 19 | 11/355 | അശ്വിനി സത്യൻ കാട്ടൂർ | 150.5 |

| | | | |
|---|---|---|---|
| 20 | 11/363,364 | മുഹമ്മദ് അസ്ലം ഇല്ലത്തുപറമ്പിൽ | 250.5+250.5 |
| 21 | 11/523 | ജോർജ്ജ് പോഴത്ത്പറമ്പിൽ | 231 |
| 22 | 11/527 | സുധീർ മുല്ലശേരി | 115.51 |
| 23 | 11/680 C5 | അബ്ദുൾ ജബ്ബാർ പുതിയവീട്ടിൽ | 371.75 |
| 24 | 11/795 | ഖദീജ, മുഹമ്മദ്, ഇല്യാസ്, മുഹമ്മദ് സഫർ, മുഹമ്മദ് അസ്ലം നമ്പിപുന്നിലത്ത് | 324 |
| 25 | 12/174 | അബ്ദുൾ ഹമീദ് മുതൽ പേർ മംഗലം പുള്ളി | 232.34 |
| 26 | 12/262 | ഹനീഫ മതിലകത്ത് വീട്ടിൽ | 139.4 |
| 27 | 17/456 A | ഷെമിന പള്ളിപറമ്പിൽ | 101.72 |

കുറഞ്ഞ നിരക്കിൽ വസ്തു നികുതി കണക്കാക്കിയതിനുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.08/07.10.2023), "ടി കെട്ടിടങ്ങളുടെ വസ്തു നികുതി ടാക്സ് റിവിഷൻ നടത്തി ക്രമവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്" എന്ന് മറുപടി നൽകിയിട്ടുണ്ട്. മേൽ കെട്ടിടങ്ങളുടെ ഉപയോഗക്രമം ശരിയായി നിർണ്ണയിക്കേണ്ടതും സഞ്ചയ സോഫ്റ്റ്‌വെയറിൽ മാറ്റങ്ങൾ വരുത്തി വസ്തുനികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്. വസ്തുനികുതി എന്നത് പഞ്ചായത്തിന്റെ തനതുവരുമാനമായതിനാൽ ഇത്തരത്തിലുള്ള വീഴ്ചകൾ സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും വരുമാന നഷ്ടം ഒഴിവാക്കേണ്ടതുമാണ്.

## 1-16 ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതിയിൽ ഇളവ് അനുവദിച്ചതിലെ അപാകങ്ങൾ

2011ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 21 പ്രകാരം ഏതെങ്കിലും ഒരു കെട്ടിടം ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസമോ അതിൽ കൂടുതലോ ആയ കാലത്തേയ്ക്ക് ഒഴിഞ്ഞ് കിടന്നിട്ടുണ്ടെങ്കിൽ ഒഴിഞ്ഞ് കിടന്ന ദിവസങ്ങളുടെ എണ്ണത്തിന് ആനുപാതികമായി വാർഷിക നികുതിയിൽ ഇളവ് നൽകാവുന്നതാണ്. ചട്ടം 21(2)(ബി) പ്രകാരം കെട്ടിട ഉടമ നൽകുന്ന അപേക്ഷയുടെ തീയതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞ് കിടക്കുന്ന തീയതി മുതൽക്കോ, ഇതിൽ ഏത് ഒടുവിൽ വരുന്നുവോ ആ തീയതി മുതലാണ് നികുതി ഇളവ് കണക്കാക്കേണ്ടതാണ്. എന്നാൽ മേൽ ചട്ടം പാലിക്കാതെ കെട്ടിടങ്ങൾക്ക് വസ്തുനികുതിയിൽ ഇളവ് അനുവദിച്ച നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നം | കെട്ടിട ഉടമ | ഫയൽ നം/അപേക്ഷ തീയതി | ഒഴിവാക്കിയ കാലയളവ് |
|---|---|---|---|---|
| 1 | 11/680 A4, B1 | ഹംസ കല്ലിപ്പറമ്പിൽ | JC1/1635 /25.06.2022 | 01.04.2022 To 30.09.2022 |
| 2 | 11/680 B4, C3, C4 | മുഹമ്മദ് റഫീഖ് പുഴങ്കരയില്ലത്ത് | JC1/1635 /25.06.2022 | 01.04.2022 To 30.09.2022 |
| 3 | 4/232 B, 232 E | മുഹമ്മദ് ബഷീർ | JC1/3157 /17.09.2022 | 01.04.2022 To 30.09.2022 |

| | | | | |
|---|---|---|---|---|
| 4 | 12/287 L,M,O,P,Q | ലൈല വലിയകത്ത് | JC1/3405 /28.09.2022 | 01.04.2022 To 30.09.2022 |
| 5 | 12/287 J,K,N | ലൈല വലിയകത്ത് | JC1/4480 /29.10.2022 | 01.04.2022 To 30.09.2022 |
| 6 | 12/287 L,M,O,P,Q,JK,N | ലൈല വലിയകത്ത് | JC1/4480 /29.10.2022 | 01.10.2022 To 31.03.2023 |
| 7 | 12/320 A,B,C,D,E | റംല മൂപ്പിൽ ഹൗസ് | JC1/4416 /28.10.2022 | 01.04.2022 To 30.09.2022 |
| 8 | 12/320 A,B,C,D,E | റംല മൂപ്പിൽ ഹൗസ് | JC1/4417 /28.10.2022 | 01.10.2022 To 31.03.2023 |
| 9 | 12/253 A | മുഹമ്മദ് റഫീഖ് & മുബാറക്ക് | JC1/163 /25.06.2022 | 01.04.2022 To 30.09.2022 |

ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.34/12.10.2023), “മേൽപ്പറഞ്ഞ കെട്ടിടങ്ങളെല്ലാം തന്നെ വർഷങ്ങളായി അടഞ്ഞു കിടക്കുന്നവയാണ്. കോവിഡ് പശ്ചാത്തലത്തിൽ 2021-22 സാമ്പത്തികവർഷത്തിൽ അപേക്ഷ സമർപ്പിക്കുവാനുള്ള സമയത്തിൽ ഇളവു അനുവദിച്ചിരുന്നു. തൊട്ടു മുന്നിലുള്ള സാമ്പത്തികവർഷത്തിൽ ഈ ഇളവ് ലഭ്യമായതുകൊണ്ട് പല അപേക്ഷകരും വൈകിയാണ് അപേക്ഷ നൽകിയത്. ആയതിനാലാണ് സാമ്പത്തികവർഷം ആദ്യം മുതൽ നികുതിയിളവ് നൽകിയത്” എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നികുതി ഇളവ് നൽകുമ്പോൾ ബന്ധപ്പെട്ട ചട്ടങ്ങൾ പാലിച്ചു കൊണ്ട് മാത്രം ഇളവ് നല്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 ലൈവ്സ്റ്റോക്ക് ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

2012 ലെ കേരള പഞ്ചായത്ത്‌രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം താഴെ പറയുന്ന എണ്ണത്തിൽ കൂടുതൽ മൃഗങ്ങളെയോ, പക്ഷികളെയോ വളർത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു ലൈവ്സ്റ്റോക്ക് ഫാം സ്ഥാപിക്കുന്നതിനോ നടത്തികൊണ്ടുപോകുന്നതിനോ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്.

1) കന്നുകാലി ഫാം : 5 മൃഗങ്ങൾ

2) ആട് ഫാം : 20 മൃഗങ്ങൾ

3) പന്നി ഫാം : 5 മൃഗങ്ങൾ

4) മുയൽ ഫാം : 25 മൃഗങ്ങൾ

5) പൗൾട്രി ഫാം : 100 പക്ഷികൾ

കൈപ്പമംഗലം ഗ്രാമ പഞ്ചായത്തിൽ 2022-23 സാമ്പത്തികവർഷം ലൈവ്സ്റ്റോക്ക് ഫാമുകൾ ഒന്നും തന്നെ ലൈസൻസ് എടുത്തിട്ടില്ല. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിലെ വിവിധ കെട്ടിടങ്ങളുടെയും അവയുടെ ഉപയോഗക്രമങ്ങളും വസ്തുനികുതി ഡിമാന്റും, കളക്ഷനും (ഫോറം 6) പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ താഴെ പറയുന്ന കെട്ടിടങ്ങളിൽ ലൈവ്സ്റ്റോക്ക് ഫാമുകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര് | കെട്ടിട നം. | വിസ്തീർണ്ണം (ച.മീ) | ഉപയോഗ ക്രമം |
|---|---|---|---|---|
| 1 | സി ജെ പോൾസൺ | 4/109 A,B,C | 86+86+86 | കോഴി വളർത്തൽ ഷെഡ് |
| 2 | ചന്ദ്രൻ കോറോത്ത് | 5/81 A | 38.55 | ലൈവ് സ്റ്റോക്ക് |

| | | | | |
|---|---|---|---|---|
| | | | | ഷെഡ് |
| 3 | പദ്മാവതി & മല്ലിക | 6/68 A | 95.93 | കോഴി വളർത്തൽ ഷെഡ് |
| 4 | തോമസ് ചാലിശ്ശേരി | 6/495 C | 180.49 | കോഴി വളർത്തൽ ഷെഡ് |
| 5 | സഫിയ രായംമരക്കാർ | 8/490 | 111 | കോഴി വളർത്തൽ ഷെഡ് |
| 6 | അംബിക നടീപറമ്പത്ത് | 16/368 B | 97.12 | ലൈവ് സ്റ്റോക്ക് ഷെഡ് |
| 7 | ഉദയകുമാർ മുരുക്കുംപുഴ | 16/368 C | 42.43 | ലൈവ് സ്റ്റോക്ക് ഷെഡ് |
| 8 | കറുകത്തല സലാം, പാണ്ടപറമ്പിൽ ബഷീർ, രായം മരക്കാർവീട്ടിൽ ഇബ്രാഹിം കുട്ടി | 17/327 A | 130.32 | ലൈവ് സ്റ്റോക്ക് ഷെഡ് |

മേൽ പട്ടികയിൽ പറഞ്ഞിരിക്കുന്ന ഷെഡുകളിൽ ഫാമുകൾ പ്രവർത്തിക്കുന്നുണ്ടോ എന്നത് വ്യക്തമാക്കേണ്ടതോടൊപ്പം ആയവ ലൈസൻസില്ലാതെയാണോ പ്രവർത്തിക്കുന്നത് എന്നതിന് മറുപടി ലഭ്യമാക്കുവാനും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി 07/07.10.23), “2022-23 വർഷത്തിൽ കൈപ്പമംഗലം പഞ്ചായത്തിൽ ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ഒന്നും തന്നെ ലൈസൻസ് നൽകിയിട്ടില്ല. ക്രമ നമ്പർ 2,6 കെട്ടിടങ്ങളിൽ കഴിഞ്ഞ 2 വർഷമായി ഫാമുകൾ പ്രവർത്തിക്കുന്നില്ല. ബാക്കി കെട്ടിടങ്ങളിൽ ലൈവ്സ്റ്റോക്ക് ഫാം നടത്തുന്നതിന് ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്” എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഇത്തരം വീഴ്ചകൾ സംഭവിക്കാതിരിക്കാൻ മേൽ പട്ടികയിൽ പറഞ്ഞിരിക്കുന്ന ലൈവ്സ്റ്റോക്ക്/കോഴിവളർത്തൽ ഷെഡുകളിൽ ഫീൽഡ് പരിശോധന നടത്തി ബാധകമായവയെ കൊണ്ട് ലൈസൻസ് എടുപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം 2012 ലെ കേരള പഞ്ചായത്ത്രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 12 പ്രകാരം ചട്ടവ്യവസ്ഥ ലംഘിച്ച് പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളിന്മേൽ ആയിരം രൂപയിൽ കവിയാത്ത തുക പിഴ ചുമത്തി ശിക്ഷിക്കപ്പെടേണ്ടതും കുറ്റം തുടർന്ന് പോരുന്ന സംഗതിയിൽ അങ്ങനെ കുറ്റം തുടരുന്ന ഓരോ ദിവസത്തേക്കും അമ്പതു രൂപയിൽ കവിയാത്ത തുക അധികപിഴയായി ചുമത്തേണ്ടതുമാകുന്നു.

## 1-18 വാടക - അപാകങ്ങൾ

1.വാടക രജിസ്റ്റർ വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2.2022-23 വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം കെട്ടിട വാടക ഇനത്തിൽ ഡിമാന്റ് തുക ആയ 1100968/-രൂപയും, കളക്ഷൻ വന്നിട്ടുണ്ട് തൻവർഷം കെട്ടിട വാടകയിനത്തിൽ കുടിശ്ശിക ഇല്ല. എന്നാൽ വാടക രജിസ്റ്റർ പ്രകാരം ഡിമാന്റ് 1427838/-രൂപയും, കളക്ഷൻ 1077174/-രൂപയും, കിട്ടാനുള്ള തുക 350664/- രൂപയും ആണ്. വാടക രജിസ്റ്റർ പ്രകാരമുള്ള തുകയും വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെടാതെ വന്നതിന് കാരണം വ്യക്തമാക്കേണ്ടതാണ്. ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുമായി പൊരുത്തപ്പെടുത്തി വാർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി

സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 58(2)(ഇ)(ജി).

3.2022-23 വർഷത്തെ ബാലൻഷീറ്റ് പ്രകാരം കെട്ടിട വാടക കുടിശ്ശികയിനത്തിൽ

431400101 Rent Receivables From Buildings (Arrears) - 1041786 രൂപ കുടിശ്ശികയുണ്ട്. മേൽ തുക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.44/13.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-19 ലേലം - അപാകങ്ങൾ

1)2022-23 വർഷം നടന്ന ലേലങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലേല രജിസ്റ്ററിൽ എഴുതിച്ചേർത്തിട്ടില്ല.

2)ലേല ഡയറിയിൽ ലേല വസ്തുക്കളുടെ ഇനം, സമയം എന്നിവ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3)18.04.2022 ലെ ഭരണ സമിതി യോഗത്തിന്റെ 13(1) നമ്പർ തീരുമാനം താഴെ ചേർക്കുന്നു.

"കയ്പമംഗലം ജി.എൽ.പി സ്കൂളിന്റെ പഴയ കെട്ടിടം, 02.04.2022 തീയ്യതിയിൽ നടന്ന ലേലത്തിൽ 22100 രൂപക്ക് ശ്രീ. തമ്പി, പെരിങ്ങാട്ട്, ഗോതുരുത്ത് എന്നയാൾക്ക് ഉറപ്പിച്ചു. ടി. കെട്ടിടത്തിലുള്ള ഉപയോഗശൂന്യമായ ബഞ്ച്, അലമാര തുടങ്ങിയ സാധനങ്ങളുടെ ലേലം 12.04.2022 തീയ്യതിയിൽ ആരും പങ്കെടുക്കാത്തതിനാൽ ടി. ലേലത്തിന് മുമ്പ് ലഭിച്ച രണ്ട് ക്വട്ടേഷനുകളിൽ കൂടുതൽ തുകയായ 2500 രൂപക്ക് ശ്രീ. ഉണ്ണികൃഷ്ണൻ, കൊക്കുവായിൽ, കോതപറമ്പ് എന്നയാൾക്കും ഉറപ്പിച്ചു. ആയത് രണ്ടും പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ചു"

എന്നാൽ പ്രസ്തുത ലേലങ്ങൾ സംബന്ധിച്ച രേഖകൾ ഒന്നും തന്നെ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

4)കൈപ്പമംഗലം ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തികവർഷം അംഗീകാരം ലഭിച്ച് നടപ്പാക്കിയ വിവിധ പ്രവൃത്തികളിൽ ബാക്ക് ഫില്ലിംഗ് കഴിഞ്ഞതിനു ശേഷം ലഭ്യമായ മണ്ണ്, കോൺക്രീറ്റ് പൈപ്പ് എന്നിവ 18.05.2022 തിയ്യതി പഞ്ചായത്ത് ഓഫീസിൽ വച്ച് ലേലം നടത്തുന്നതായി പരസ്യം നൽകിയിരുന്നു. എന്നാൽ താഴെപ്പറഞ്ഞ ഇനങ്ങളുടെ ലേലം നടന്നതായി രേഖകളിൽ നിന്നും വ്യക്തമല്ല.

| നം | പ്രവൃത്തി | ഇനം | അളവ് |
|---|---|---|---|
| 1 | കടുംപാട്ടുപാടം ക്രോസ്സ്ഡ്രയിൻ | മണ്ണ് | $9.560m^3$ |
| 2 | ഞാറക്കപ്പാടം കാന നിർമ്മാണം | കോൺക്രീറ്റ് പൈപ്പ് | 14m |

ലേലം നടക്കാത്ത പക്ഷം പ്രസ്തുത ഇനങ്ങൾ പുനർലേലം ചെയ്യുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.45/13.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ലേല രജിസ്റ്റർ, ലേല ഡയറി എന്നിവ കൃത്യമായി എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ലേലങ്ങൾ യഥാസമയം നടന്നിട്ടുണ്ടെന്നും ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് ലേലനടപടികൾ സുതാര്യമാണെന്നും ഭരണസമിതി ഉറപ്പ് വരുത്തേണ്ടതാണ്.

## 1-20 നാഷണൽ ഹൈവേ വികസനം- നാഷണൽ ഹൈവേ അതോറിറ്റി ഏറ്റെടുത്തിട്ടുള്ള ഗ്രാമപഞ്ചായത്ത വക സ്വത്തുക്കൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

നാഷണൽ ഹൈവേ വികസനവുമായി ബന്ധപ്പെട്ട് ഇപ്പോൾ ദ്രുതഗതിയിലുള്ള പ്രവർത്തനങ്ങൾ ആയത് കടന്നുപോകുന്ന ഗ്രാമപഞ്ചായത്തുകളിൽ നടന്നുവരികയാണ്. അതിന്റെ ഭാഗമായി കൈപ്പമംഗലം ഗ്രാമപഞ്ചായത്തിലും പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. പല റോഡ് ഭാഗങ്ങളിലൂടെയും പുതിയ നാഷണൽ ഹൈവേ 66 കടന്നുപോകുന്നുണ്ട്. ഹൈവേ വികസനത്തിന്റെ ഭാഗമായി പഞ്ചായത്ത് വക റോഡ്/റോഡ്

ഭാഗങ്ങൾ, ഭൂമി, കെട്ടിടങ്ങൾ, കെട്ടിട ഭാഗങ്ങൾ എന്നിവ നാഷണൽ ഹൈവേക്ക് കൈമാറുന്നത് സംബന്ധിച്ച് സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരൽ, ഇത് സംബന്ധിച്ച സർക്കാർ സ്പഷ്ടീകരണം, നഷ്ടപരിഹാരം ലഭിക്കുന്നത് സംബന്ധിച്ച നടപടികൾ, നാഷണൽ ഹൈവേ അതോറിറ്റിയുമായി ആശയവിനിമയം നടത്തിയത്, നാഷണൽ ഹൈവേ അതോറിറ്റി നീക്കം ചെയ്ത ആസ്തികളുടെ വിവരം എന്നിവ സംബന്ധിച്ച് 0.10.23 ലെ 29-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ സൂക്ഷിപ്പുകാരനായ സെക്രട്ടറിയോ ഗ്രാമപഞ്ചായത്തിലെ LID&EW അസിസ്റ്റന്റ് എഞ്ചിനീയറോ മറുപടി ലഭ്യമാക്കിയിട്ടില്ല.

2005-ലെ കേരളാ പഞ്ചായത്തുരാജ് (വസ്തു ആർജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങളിലെ അദ്ധ്യായം 2 (വസ്തു കൈയ്യൊഴിയൽ) ചട്ടം 6 അനുസരിച്ച് പഞ്ചായത്തിന്റെ സ്വന്തമായിട്ടുള്ള വസ്തുക്കൾ വില്പന വഴി കൈമാറ്റം ചെയ്യുവാനാണ് സർക്കാരിന്റെ മുൻകൂർ അനുവാദത്തോടെ വ്യവസ്ഥയുള്ളത്. ആസ്തികൾ മറ്റ് തരത്തിൽ കൈമാറ്റം ചെയ്യുവാൻ കേരളാ പഞ്ചായത്ത് രാജ് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

നാഷണൽ ഹൈവേ അക്വിസിഷനുമായി ബന്ധപ്പെട്ട് ഭൂമി കൈയ്യൊഴിയുന്ന സ്വകാര്യ വ്യക്തികൾക്ക് ഗവ. ഏജൻസിയായ നാഷണൽ ഹൈവേ അതോറിറ്റി നഷ്ടപരിഹാര തുക നൽകി വരുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിലുൾപ്പെടുന്ന മേൽവിവരിച്ച ആസ്തികൾ നാഷണൽ ഹൈവേ അതോറിറ്റി വികസനത്തിനായി ഏറ്റെടുക്കുമ്പോൾ സ്വാഭാവികമായും ആയതിന്റെ മൂല്യശോഷണം സംഭവിക്കുന്നതാകയാൽ, ന്യായമായും ആയതിന്റെ നഷ്ടപരിഹാരം ലഭിക്കേണ്ടതുതന്നെയാണ്. ആയതിനാൽ ഇക്കാര്യം എത്രയും വേഗം ഭരണവകുപ്പിന്റെയും നാഷണൽ ഹൈവേ അതോറിറ്റിയുടെയും ശ്രദ്ധയിൽപ്പെടുത്തി സ്പഷ്ടീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-21 ഒഴിഞ്ഞുകിടക്കുന്ന ഷോപ്പിങ് കോംപ്ലക്സ് മുറികൾ വാടകയ്ക്ക നൽകുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

11/10/22 ന് ഗ്രാമപഞ്ചായത്തിലെ ഓവർസീയർക്കൊപ്പം നടത്തിയ സ്ഥലപരിശോധനയിൽ കൈപ്പമംഗലം ഗ്രാമപഞ്ചായത്ത് ഷോപ്പിങ് കോംപ്ലക്സ് എന്ന പേരുള്ള കെട്ടിടത്തിലെ മുറികളെല്ലാം ഒഴിഞ്ഞുകിടക്കുന്നതായി കണ്ടു. മുറികൾ ഒഴിഞ്ഞു കിടക്കുന്നതിന് കാരണം അന്വേഷിച്ചുകൊണ്ട് സ്ഥലപരിശോധനാറിപ്പോർട്ട് നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

മുറികൾ ഒഴിഞ്ഞുകിടക്കുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതും എത്രയും വേഗം അവ വാടകയ്ക്ക് നൽകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ് (11/10/23ലെ സ്ഥലപരിശോധനാറിപ്പോർട്ടിന് മറുപടി ലഭ്യമാക്കിയിട്ടില്ല ) .

## 1-22 ജലജീവൻ മിഷൻ ഫേസ് 2 - സംബന്ധിച്ച് പ്രോജക്റ്റ് റിപ്പോർട്ട്, ഡിമാന്റ് നോട്ടീസ് എന്നിവ ഇല്ലാതെ വാട്ടർ അതോറിറ്റിയ്ക്ക് നൽകിയ 200000 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണം- വി.ഇ.ഒ (ചളിങ്ങാട് സർക്കിൾ)

| പ്രോജക്റ്റ് | ചെലവ് | വൗച്ചർ | തീയ്യതി | ഫണ്ട് | ശീർഷകം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | തുക | | | | |
| 135-ജലജീവൻ മിഷൻ ഫേസ് 2 | 200000 (അടങ്കൽ 200000) | 42201142 | 31-3-23 | വികസനഫണ്ട് (ജനറൽ) | 251120002-Drinking Water Programmes-Individual-House Connection |

ജലജീവൻ മിഷൻ ഫേസ് 2 എന്ന പ്രോജക്റ്റിന്റെ ഭാഗമായി മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി (കവടിയാർ, തിരുവനന്തപുരം) യുടെ ബാങ്ക് അക്കൗണ്ട് നമ്പർ 1187 ലേയ്ക്ക് മേൽപ്രകാരം 200000 രൂപ പഞ്ചായത്ത് വിഹിതം ഇനത്തിൽ കൈമാറിയിട്ടുണ്ട്. വ്യക്തിഗത വാട്ടർ കണക്ഷന് തുക നല്കി എന്ന രീതിയിലാണ് ഈ ചെലവ് പഞ്ചായത്തിന്റെ കണക്കിൽ ബുക്ക് ചെയ്തിരിക്കുന്നത്. എന്നാൽ കണക്ഷൻ നല്കിയ ഗുണഭോക്താക്കളുടെ വിവരം വാട്ടർ അതോറിറ്റി അറിയിക്കുകയോ കൈപ്പമംഗലം ഗ്രാമപഞ്ചായത്തിൽ ജലജീവൻമിഷൻ പദ്ധതി പ്രകാരം പഞ്ചായത്ത് വിഹിതമായി അടയ്ക്കേണ്ട തുക കണക്കാക്കി വാട്ടർ അതോറിറ്റി ഏതെങ്കിലും ഡിമാന്റ് നോട്ടീസ് പഞ്ചായത്തിന് നല്കുകയോ ചെയ്തിട്ടില്ല. തുക അടവാക്കി നാളിതുവരെ ആയതിന്റെ വിനിയോഗ സാക്ഷ്യപത്രവും വാട്ടർ അതോറിറ്റി നല്കിയിട്ടില്ല. തുക വാട്ടർ അതോറിറ്റിയിൽ അടച്ചതിന്റെ കൈപ്പറ്റ് രസീത്, UTR എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആകെ ജലജീവൻ മിഷൻ പദ്ധതിയുടെ പദ്ധതി ചെലവ് 963 ലക്ഷം രൂപയാണെന്നും അതിന്റെ 15 % തുകയായ 144.45 ലക്ഷം രൂപയാണ് ഗ്രാമപഞ്ചായത്ത് വിഹിതം എന്നും ഇതിലേയ്ക്കാണ് ഈ തുക അടലാക്കിയതെന്നും ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി 28 തീ 11/10/23) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. യഥാർത്ഥ ചെലവ് സംബന്ധിച്ച് വാട്ടർ അതോറിറ്റി വിവരങ്ങൾ ലഭ്യമാക്കി ഡിമാന്റ് നോട്ടീസ് ലഭ്യമാക്കുന്നതുവരെയും കൈപ്പറ്റ് രസീത് ഹാജരാക്കുന്നതുവരെയും ചെലവ് 2,00,000 രൂപയുടെ ചെലവി തടസ്സപ്പെടുത്തുന്നു.

**1-23 ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല**

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

1) പ്രോജക്ടിന്റെ പേര്, നമ്പർ - വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ (S0102/23)

വൗച്ചർ നമ്പർ -42201015.dtd.28.1.23. 1265326/ -

വൗച്ചർ നമ്പർ - 42201135.dtd.21.3.23. 733224/ -

മേൽ പ്രോജക്ടിൽ 1265326/- രൂപ അസി. എഞ്ചിനീയർ ഇലക്ട്രിക്കൽ സെക്ഷൻ, കൈപ്പമംഗലം, 733224/- രൂപ അസി. എഞ്ചിനീയർ ഇലക്ട്രിക്കൽ സെക്ഷൻ പെരിഞ്ഞനം എന്നവർക്ക് സ്ട്രീറ്റ് മെയിൻ വലിക്കുന്നതിനായി നല്കിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

2) ഇതിന് പുറമെ വൗച്ചർ നമ്പർ 22200330 തീയ്യതി 9.8.22 പ്രകാരം കടംപട്ടുപാടം കോളനി സ്ട്രീറ്റ് ലൈറ്റ് മെയിൻ വലിക്കൽ എന്ന പ്രോജക്റ്റിന് കെ. എസ്. ഇ. ബി യ്ക്ക് തനത്ഫണ്ടിൽ നിന്ന് 96883 രൂപ നല്കിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

പ്രവൃത്തി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പൂർത്തീകരിക്കുന്ന മുറയ്ക്ക് പൂർത്തീകരണ സാക്ഷ്യപത്രവും, ധനവിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-24 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - പദ്ധതിയിൽ തുടരാത്ത ഗുണഭോക്താവിന് അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ.

പ്രോജക്ട് നമ്പർ -S0150/23.

വൗച്ചർ നമ്പർ- 42200989. Dtd.2.1.23. 875000/ -

മേൽ പ്രോജക്ടിന്റെ നിർവ്വഹണത്തിനായി 875000/- രൂപ 70 ഗുണഭോക്താക്കളുടെ പഞ്ചായത്ത് വിഹിതമായി (സംസ്ഥാന വിഹിതമടക്കം) SLBP ഡെപ്യൂട്ടി ഡയറക്ടർക്ക് നല്കിയിട്ടുണ്ട്. ഓരോ ഗുണഭോക്താവിനും 12500/ - നിരക്കിലാണ് അനുവദിച്ചിട്ടുള്ളത്. ആദി കേശവപുരം ക്ഷീരസംഘത്തിന്റെ നാൾ വഴി പരിശോധിച്ചതിൽ ക്രമ നം. 34 മിനി അശോകൻ എന്നയാൾ പദ്ധതിയിൽ തുടരുന്നതായി കാണുന്നില്ല.28.3.23മുതലാണ് കാലി തീറ്റ വിതരണം ആരംഭിച്ചിട്ടുള്ളത്. പദ്ധതിയിൽ തുടരാത്ത ഗുണഭോക്താവിന് അനുവദിച്ച സബ്സിഡി തുക ഈടാക്കി സഞ്ചിത നിധിയിൽ അടവാക്കേണ്ടതും പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-25 മരുന്ന് ലഭ്യമാക്കാൻ കെ.എം.സി.എൽ ന് മുൻകൂർ- മുൻകൂർ നല്കിയ തുകയ്ക്ക് മുഴുവനായും മരുന്ന് ലഭ്യമായോയെന്ന് നിരീക്ഷിക്കാൻ സംവിധാനമില്ല

നിർവ്വഹണം- മെഡിക്കൽ ഓഫീസർ (കുടുംബാരോഗ്യകേന്ദ്രം)

താഴെ ചേർത്തിരിക്കുന്ന വിവിധ പ്രോജക്റ്റുകൾ പ്രകാരം മരുന്ന് ലഭ്യമാക്കുന്നതിനായി കെഎംസിഎൽ ന് മുൻകൂർ ആയി തുക നല്കിയിട്ടുണ്ട് .

| പ്രോജക്റ്റ് | മരുന്ന് വാങ്ങിയതിന് KMSCLന് നല്കിയ മുൻകൂർ തുക | മുൻകൂർ തുക നല്കുന്ന തിന് ആധാരമായ പ്രഫോർമ ഇൻവോയ്സ്/തീയ്യതി- തുക | വൗച്ചർ നമ്പർ/ തീയ്യതി | ഫണ്ട് | ശീർഷകം |
|---|---|---|---|---|---|
| 22-ആർദ്രം പാലിയേറ്റീവ് കെയർ | 372552 | 2011/7-11-22 -272552 രൂപ 2437/21-11-22- | 42200987/ 29-12-22 | ജില്ലാ പഞ്ചായത്ത് വിഹിതം | 251110501 Health Related |

| | | | | | |
|---|---|---|---|---|---|
| | | 100000രൂപ | | | |
| (അടങ്കൽ- 390000) | 77448 | 3598/13-1-23 77448 രൂപ | 42201015/ 27-1-23 | | Activties- Palliative Care |
| | 129727 | 3601/13-1-23-129727 രൂപ | 42201006/ 20-1-23 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | |
| 248-അതി ദരിദ്രർക്ക് മരുന്ന് വാങ്ങൽ (അടങ്കൽ- 100000) | 60000 | 4582/20-2-23 60000 രൂപ | 42201089 /24-2-23 | വികസനഫണ്ട് (ജനറൽ) | 251110012- Medical Institution- Alloppathy- Health- Related Activities |
| 23- കുടുംബാരോഗ്യ കേന്ദ്രത്തിലേയ്ക്ക് മരുന്ന് വാങ്ങൽ (അടങ്കൽ- 250000) | 437612 ( വൗച്ചർ തുക 525931) | 676/3-8-22 43863 രൂപ | 42200946 / 26-10-22 | മെയിന്റനൻസ് ഗ്രാന്റ് റോഡിതരം | 251110008 Medical Institution- Alloppathy- Purchase Of Medicines For Hospitals |
| | | 1123/25-8-22 393749 രൂപ | | | |
| | 50000 ( വൗച്ചർ തുക 64660) | 1682/15-10-22 50000 രൂപ | 42200951 /8-11-22 | | |
| | 150000 | 4746/24-2-23 150000രൂപ | 42201095 / 27-2-23 | വികസനഫണ്ട് ജനറൽ | |

മേൽ പ്രകാരം പ്രഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ മുൻകൂർ ആയി നല്കുന്ന തുകകൾ മരുന്ന് ലഭ്യമാക്കി ക്രമീകരിക്കുന്നത് നിരീക്ഷിക്കപ്പെടുന്നില്ല. ലഭ്യമാകുന്ന മരുന്നുകളുടെ ഇൻവോയ്സ്, സ്റ്റോക്കിൽ എൻട്രി നടത്തിയതിന്റെ റിപ്പോർട്ട് എന്നിവ ഇൻവോയ്സിനൊപ്പം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. മാത്രമല്ല ഓരോ ഇൻവോയ്സുകൾ പ്രകാരവും ലഭിക്കുന്ന മരുന്നുകൾ ഏത് പ്രഫോർമ ഇൻവോയ്സ് പ്രകാരമാണ് എന്ന് രേഖപ്പെടുത്തി മുൻകൂർ ക്രമീകരിക്കുന്നത് നിരീക്ഷിക്കുന്നതിന് നിർവ്വഹണോദ്യഗസ്ഥൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല മാത്രമല്ല മുൻകൂർ ആയി തുകനല്കിയപ്പോൾ പഞ്ചായത്തിന്റെ വാർഷികകണക്കിൽ മുൻകൂർ ശീർഷകത്തിൽ ബുക്ക് ചെയ്യുന്നതിന് പകരം തുക നല്കിയപ്പോൾ തന്നെ മരുന്ന് ലഭ്യമായി എന്ന രീതിയിൽ ചെലവായാണ്

രേഖപ്പെടുത്തിയിരിക്കുന്നത്. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 16(3) പ്രകാരം തുക ചെലവഴിച്ചതിന്റെ വിനിയോഗ വിവരം അറിയിക്കാത്തതാണ് മേൽ പ്രകാരം കണക്കിൽ തെറ്റായി ബുക്ക് ചെയ്യപ്പെടുന്നതിന് കാരണം. വാർഷികകണക്കിൽ ചെലവായി രേഖപ്പെടുത്തിയതിനാലും പഞ്ചായത്തിലെ മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ലാത്തതിനാലും പ്രഫോർമ ഇൻവോയ്സിനൊപ്പം അതത് ഇൻവോയ്സുകൾ ഫയൽ ചെയ്ത് സൂക്ഷിക്കാത്തതിനാലും മരുന്നുകൾ ലഭ്യമാക്കി ഈ തുക ക്രമീകരിക്കുന്നത് നിരീക്ഷിക്കുന്നത് സാധിക്കുന്നതല്ല.

മേൽ പ്രകാരമുള്ള മുൻകൂർ തുകകൾക്ക് ലഭിച്ച മരുന്നുകളുടെ ഇൻവോയ്സ്, സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയതിന്റെ വിവരങ്ങൾ എന്നിവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 41 തീയ്യതി 12/10/23 മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-26 കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ അനുമതിപത്രം ലഭ്യമാക്കുന്നതിന് മുമ്പേ ടേക്ക് എ ബ്രേക്ക് കെട്ടിടനിർമാണപ്രവർത്തനം നടത്തി

ഗ്രാമപഞ്ചായത്തിലെ വഞ്ചിപ്പുര ബീച്ചിലാണ് ഈ കെട്ടിടം പണിതിരിക്കുന്നത്. കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ 15/11/22 ലെ 2214/A1/KCZMA/തിരുവനന്തപുരം എന്ന സാക്ഷ്യപത്രം പ്രകാരമാണ് നിർമ്മാണാനുമതി ലഭിച്ചിട്ടുള്ളത്. പക്ഷെ അളവുപുസ്തകം 113/22-23 പരിശോധിച്ചപ്പോൾ ചെയ്ത പ്രവൃത്തിയുടെ അളവുകൾ 1/8/22 മുതൽ 14/11/22 വരെ 28 നമ്പർ പേജ് വരെ രേഖപ്പെടുത്തിയതായി കണ്ടു. പ്രൊജക്റ്റ് സംബന്ധിച്ച മറ്റ് വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 66/23 |
| അടങ്കൽ, ഫണ്ട് | 1200000/, സംസ്ഥാനാവിഷ്കൃതഫണ്ട് |
| കരാറുകാരൻ | കെ.കെ. രാധാകൃഷ്ണൻ |
| കരാർ നമ്പർ | 55/AE/LSGD/KPLM/21-22 /7/2/22 |
| അളവുപുസ്തകം | 111/22-23, 113/22-23, 155/22-23 |
| ചെക്ക് നമ്പർ, തുക | MA 2308782/26/3/23, 710588/ |
| ബിൽ സാങ്ഷൻ നമ്പർ, തുക | 457/28/3/23, 356614/ (ഒന്നാം ഭാഗിക ബിൽ ) |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |

കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ അനുമതിപത്രം ലഭ്യമാകുന്നതിനു മുമ്പേ നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയതിന്റെ കാരണം വിശദമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 24/10.10.2023).

പ്രവൃത്തി പൂർത്തീകരിച്ച് പൊതുജനങ്ങൾക്ക് തുറന്ന് കൊടുത്തതിന്റെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

### 1-27 കുഴിച്ചെടുത്ത മണ്ണിന്റെ ലേല / വിനിയോഗവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

താഴെ സൂചിപ്പിക്കുന്ന പ്രവൃത്തികളുടെ ഭാഗമായി കുഴിച്ചെടുത്ത മണ്ണ് ലേലം ചെയ്തത് സംബന്ധിച്ച/വിനിയോഗിച്ചത് സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റ് എൻക്വയറി 21/10/23 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയിട്ടില്ല.

1. ഹിളർ പള്ളി പരിസരം കാന നിർമാണം-അളവുപുസ്തകം- 235/20-21

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 62/23 |
| അടങ്കൽ. ഫണ്ട് | 1500000/- റോഡ് സംരക്ഷണ ഗ്രാന്റ് |
| കരാറുകാരൻ | എം. എം. ഹാഷിം |
| കരാർ നമ്പർ | 66/ae/lsgd/kplm/21-22 /11/2/22 |
| ബിൽ സാങ്ഷൻ നമ്പർ, തുക | 93/28/9/22, 99947/- |

ഈ പ്രവൃത്തിയുടെ ഇനം 1 പ്രകാരം കുഴിച്ചെടുത്ത 81.378 ഘനമീറ്റർ മണ്ണിന്റെ വിനിയോഗ വിവരം അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

2. ചളിങ്ങാട് പനമ്പിക്കുന്ന റോഡ് കാന നിർമാണം അളവുപുസ്തകം 200/2022

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | ചളിങ്ങാട് പനമ്പിക്കുന്ന് റോഡ് കാന നിർമാണം |
| അടങ്കൽ. ഫണ്ട് | 825000/- സി. എഫ്. സി. ഗ്രാന്റ് |
| കരാറുകാരൻ | എം. എം. ഹാഷിം |
| കരാർ നമ്പർ | 14/ae/lsgd/kplm/21-22 /30/11/21 |
| ബിൽ സാങ്ഷൻ നമ്പർ, | 16/1/6/22, 515033/ |

| | |
|---|---|
| തുക | |

ഈ പ്രവൃത്തിയിയിൽ ഇനം 1 പ്രകാരം കുഴിച്ചെടുത്ത 141.084 ഘനമീറ്റർ മണ്ണ് സൈറ്റിന്റെ ഏറ്റവും അടുത്തുള്ള പ്ലോട്ടിൽ സ്റ്റാക്ക് ചെയ്തു എന്ന് അളവുപുസ്തകം പേജ് 3 ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

3. കരിമ്പറമ്പിൽ ടെമ്പിൾ റോഡ് കാന നിർമാണം-അളവുപുസ്തകം 216/21-22

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 56/23 |
| അടങ്കൽ. ഫണ്ട് | 600000/ സി. എഫ്. സി. ഗ്രാന്റ് |
| കരാറുകാരൻ | എം. ഡി. സന്തോഷ് |
| കരാർ നമ്പർ | 68/ae/lsgd/kplm/21-22 /11/2/22 |
| ബിൽ സാങ്ഷൻ നമ്പർ, തുക | 3/27/4/22, 396144/ 338/14/3/23, 164325/ |

ഈ പ്രവൃത്തിയുടെ ഇനം 1 പ്രകാരം കുഴിച്ചെടുത്ത 67.515 ഘനമീറ്റർ മണ്ണ് പഞ്ചായത്ത് അധികാരികൾക്ക് കൈമാറിയതായി അളവുപസ്തകം പേജ് 5 ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

4. പനമ്പിക്കുന്ന് അയിരൂർ റോഡ് കാന നിർമാണം-അളവുപുസ്തകം 208/21-22

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 38/23 |
| അടങ്കൽ. ഫണ്ട് | 1200000/ |
| കരാറുകാരൻ | എം. ഡി. സന്തോഷ് |
| കരാർ നമ്പർ | 10/ae/lsgd/kplm/20-21 /22/1/21 |
| ബിൽ സാങ്ഷൻ നമ്പർ, തുക | 439/30/3/22, 70806/ 395/25/3/23, 13727/415 /28/3/23, 7163/ |

ഇനം 1 പ്രകാരം കുഴിച്ചെടുത്ത 142.587 ഘനമീറ്റർ മണ്ണിന്റെ വിനിയോഗ വിവരം അളവുപസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

5. വാർഡ് 4 ലെ ഹോമിയോ ഹോസ്പിറ്റൽ ലിങ്ക് റോഡ് കാന നിർമാണം, അളവുപുസ്തകം 122/22-23

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 55/23 |
| അടങ്കൽ. ഫണ്ട് | 1500000/- റോഡ് |

| | |
|---|---|
| | സംരക്ഷണഗ്രാന്റ് |
| കരാറുകാരൻ | കെ. കെ. രാധാകൃഷ്ണൻ |
| കരാർ നമ്പർ | 58/ae/lsgD/kplm/21-22 /7/2/22 |
| ബിൽ സാങ്ഷൻ നമ്പർ, തുക | 392/23/3/23, 439091/ |

ഈ പ്രവൃത്തിയുടെ ഇനം 1 പ്രകാരം കുഴിച്ചെടുത്ത 41 ഘനമീറ്റർ മണ്ണ് എം. സി. എഫ്. സ്ഥിതി ചെയ്യുന്ന സ്ഥലത്ത് സ്റ്റാക്ക് ചെയ്തതായി അളവുപുസ്തകം പേജ് 2 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് ഗ്രാമപഞ്ചായത്തിന്റെ മുഖ്യ എം. സി. എഫ്. ആണോ, വാർഡ് തലത്തിലുള്ള എം. സി. എഫ്. ആണോ എന്നുള്ള വിവരം വ്യക്തമല്ല. ശരിയായ വിവരം ലഭ്യമാക്കേണ്ടതാണ്.

6. വാർഡ് 9 ബിസ്മില്ല തോട് പാർശ്വ സംരക്ഷണം- അളവുപുസ്തകം LSGD/ELSGD/MB/52743/2022 5 11

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 173/23 |
| അടങ്കൽ, ഫണ്ട് | 5000000/, നഗരസഞ്ചയപദ്ധതി |
| കരാറുകാരൻ | പി. എ. മുഹമ്മദ് സഗദീർ |
| കരാർ നമ്പർ | 7/ae/LSGD/KPLM/22-23 /25/11/22 |
| ബിൽ സാങ്ഷൻ നമ്പർ, തുക | 334/10/3/23, 3820027/ |

ഈ പ്രവൃത്തിയുടെ ഇനം 1 പ്രകാരം കുഴിച്ചെടുത്ത 394.594 ഘനമീറ്റർ മണ്ണ് ഗ്രാമപഞ്ചായത്തിന് കൈമാറിയോ എന്നും ഗ്രാമപഞ്ചായത്ത് ആയത് ലേലം ചെയ്തോ എന്നുമുള്ള വിവരം ലഭ്യമാക്കേണ്ടതാണ്.

7. ചിറക്കൽ ചെറുപുഴ തോടിന്റെയും വിവിധ തോടുകളുടെയും ശുചീകരണം-അളവുപുസ്തകം 202/21-22

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 64/23 |
| അടങ്കൽ, ഫണ്ട് | 1100000/, സി. എഫ്. സി. ഗ്രാന്റ് 250000/ ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| കരാറുകാരൻ | രഞ്ജിത്ത് റ്റി. |
| കരാർ നമ്പർ | 54/ae/lsgd/kplm/21-22 |

| | |
|---|---|
| | /4/2/22 |
| ബിൽ സാങ്ഷൻ നമ്പർ, തുക | 37/6/7/22, 720088/<br>20/1/6/23, 250000/ |

ഈ പ്രവൃത്തിയുടെ ഇനം 2-4 പ്രകാരം 278 മണിക്കൂർ യന്ത്രമുപയോഗിച്ച് എത്ര മണ്ണ് കുഴിച്ചെടുത്തു എന്നോ ആയത് ലേലനടപടിക്കായി കൈമാറിയോ എന്നുള്ള വിവരം അളവുപസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

8. സേവ് വാട്ടർ സേവ് ലൈഫ്-അളവുപുസ്തകം 188/21-22, 122/22-23

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 48/23 |
| അടങ്കൽ & ഫണ്ട് | 1340000/ സി. എഫ്. സി. ഗ്രാന്റ്<br>20000/ തനതുഫണ്ട്<br>140000/ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്<br>ആകെ 1500000/ |
| കരാറുകാരൻ | ഗെറ്റവേ ബിൽഡേഴ്സ് |
| കരാർ നമ്പർ | 73/ae/lsgd/kplm/21-22<br>/26/3/22 |
| ബിൽ സാങ്ഷൻ നമ്പർ, തുക | 43/12/8/22, 676952/<br>417/28/3/23, 649063/ |

ആ പ്രവൃത്തിയുടെ ഇനം 1 പ്രകാരം കുഴിച്ചെടുത്ത 53.55 ഘനമീറ്റർ മണ്ണ് എന്തു ചെയ്തു എന്ന് അളവുപസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നമ്പർ 23/10/10/23).

മേൽ പരാമർശിച്ച പ്രവൃത്തികളിൽ കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗവിവരം അല്ലെങ്കിൽ മണ്ണ് ലേലം ചെയ്ത് വില്പന നടത്തിയ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-28 സാധനസാമഗ്രികളുടെ ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടില്ല

2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2214 വകുപ്പ്, 10/9/15 ലെ GO(Rt)1339/15/PWD ഉത്തരവു പ്രകാരമുള്ള ക്വാളിറ്റി കൺട്രോൾ മാന്വൽ, 10/9/15 ലെ സർക്കുലർ നം.10434/C3/14/PWD എന്നിവകളിലെ നിബന്ധനകൾ പ്രകാരം പതിനഞ്ച് ലക്ഷത്തിന്മേൽ അടങ്കലുള്ള പ്രവൃത്തികളുടെ കാര്യത്തിൽ ഏതെല്ലാം അവസരങ്ങളിൽ കരാറുകാർ ബിൽ സമർപ്പിച്ചാലും ഉപയോഗിക്കുന്ന സാമഗ്രികളുടെ ഫസ്റ്റ് ടയർ ക്വാളിറ്റി കൺട്രോൾ ടെസ്റ്റിങ് സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണ്. എന്നാൽ അസി. എൻജിനീയർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികളുടെ കാര്യത്തിൽ കരാറുകാർ

ആയത് സമർപ്പിച്ചിട്ടില്ല.

1.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 173/23 |
| അടങ്കൽ, ഫണ്ട് | 5000000/<br>നഗരസഞ്ചയപദ്ധതി |
| കരാറുകാരൻ | മുഹമ്മദ് സഗീർ പി. എ. |
| കരാർ നമ്പർ | 7/AE/LSGD/KPLM/22-23<br>/25/11/22 |
| അളവുപുസ്തകം | LSGD/CELSGD<br>/MB/52743/2022 5 1 1 |
| ബിൽ സാങ്ഷൻ നമ്പർ, തുക | 461/29/3/23, 189170/<br>462/,, 1310810/<br>449/28/3/23, 159701/<br>64/6/6/23, 1101200/ |

2.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 166/23 |
| അടങ്കൽ, ഫണ്ട് | 1101200/- റോഡ് സംരക്ഷണ ഗ്രാന്റ്<br>598800/- തനതുഫണ്ട്<br>1500000/- മറ്റുള്ളവ |
| കരാറുകാരൻ | മുഹമ്മദ് സഗീർ പി. എ. |
| കരാർ നമ്പർ | 6/AE/LSGD/KPLM/22-23<br>/24/11/22 |
| അളവുപുസ്തകം | ഫയലിലും പ്രൈസ് സോഫ്റ്റ് വെയറിലും ഇല്ല |
| ബിൽ സാങ്ഷൻ നമ്പർ, തുക | 449/28/3/23, 189170/<br>461/20/3/23, 1310816/<br>462/29/10/23, 189170/ |

| | |
|---|---|
| | 64/6/6/23, 1101200/ |

3.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 201/23, കാട്ടിക്കുളം നവീകരണം |
| അടങ്കൽ, ഫണ്ട് | 500000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>1600000/- റോഡ് സംരക്ഷണ ഗ്രാന്റ്<br>ആകെ 2100000/- |
| കരാറുകാരൻ | എം. ഡി. സന്തോഷ് |
| കരാർ നമ്പർ | 5/AE/LSGD/KPLM/21-22 /22/11/21 |
| അളവുപുസ്തകം | 134/20-21 |
| ബിൽ സാങ്ഷൻ നമ്പർ, തുക | 63/25/3/22, 974801/ |

4.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 63/23 |
| അടങ്കൽ, ഫണ്ട് | 1600000/-<br>600000/-<br>500000/-<br>ആകെ 2160000/- |
| കരാറുകാരൻ | വിനീഷ് കെ. വി. |
| കരാർ നമ്പർ | 59/aE/lsgd/kplm/21-22 /11/2/22 |
| അളവുപുസ്തകം | 18/21-22 |
| ബിൽ സാങ്ഷൻ നമ്പർ, തുക | 1/5/4/22, 500000/<br>29/27/6/22, 600000/<br>30/27/6/22, 1156102/ |

മേൽ സൂചിപ്പിച്ച പ്രവൃത്തികളിൽ സാധനസാമഗ്രികളുടെ ഗുണനിലവാരപരിശോധന നടത്താത്തതിന്റെ കാരണം വിശദീകരിക്കേണ്ടതും ഇത്തരത്തിലുള്ള അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ് (ഓഡിറ്റ് എൻക്വയറി നമ്പർ 38/12/10/22) .

**1-29 ബിസ്മില്ല തോട് പാർശ്വസംരക്ഷണം-കൂടുതൽ വെള്ളക്കെട്ടുള്ള പ്രദേശത്ത് സംരക്ഷണഭിത്തി നിർമിച്ചില്ല**

പ്രൊജക്റ്റ് സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 173/23 |
| അടങ്കൽ, ഫണ്ട് | 5000000/ നഗരസഞ്ചയപദ്ധതി |
| കരാറുകാരൻ | മുഹമ്മദ് സഗീർ പി. എ. |
| കരാർ നമ്പർ | 7/AE/LSGD/KPLM/22-23 /25/11/22 |
| അളവുപുസ്തകം | LSGD/CELSGD/MB/52743/ 2022 5 1 1 |
| ബിൽ സാങ്ഷൻ നമ്പർ, തുക | 461/29/3/23, 189170/<br>462/,, 1310810/<br>449/28/3/23, 159701/<br>64/6/6/23, 1101200/ |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി. എൻജിനീയർ |

ഈ പ്രവൃത്തിയുടെ ടെൻഡറിൽ കുറഞ്ഞ നിരക്കായ 3237621.51 രൂപ ക്വാട്ട് ചെയ്തത് പ്രകാരമാണ് മേൽ സൂചിപ്പിച്ച കരാറുകാരനുമായി കരാർ ചമച്ചത്.

ഈ തോട് ഈസ്റ്റ് ടിപ്പുസുൽത്താൻ റോഡിൽനിന്ന് ആരംഭിച്ച് കനോലി കനാലിലാണ് അവസാനിക്കുന്നത്, എക്സിക്യൂട്ടീവ് എൻജിനീയർ അംഗീകരിച്ച എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്തിന്റെ കിഴക്കുഭാഗത്തുള്ള വെള്ളക്കെട്ട് ഒഴിവാക്കുകയാണ് പ്രൊജക്റ്റ് കൊണ്ട് ലക്ഷ്യമിട്ടത്. എന്നാൽ സംരക്ഷണപ്രവൃത്തി കനോലി കനാലിന്റെ എറ്റവും അടുത്തുള്ള പ്രദേശത്തേക്ക് എത്തിയില്ല.

പ്രവൃത്തി പൂർത്തീകരിച്ച ശേഷം ബന്ധപ്പെട്ട 9 വാർഡ് മെമ്പർ ശ്രീ. ഷെഫീക്ക് വി. ബി. പദ്ധതിത്തുക മുഴുവൻ ചെലവഴിച്ചിട്ടില്ല എന്നും, തോടിന്റെ പരിസരത്തുള്ള മുഴുവൻ ആളുകൾക്കും പ്രൊജക്റ്റിന്റെ ഗുണം ലഭിച്ചിട്ടില്ല എന്നും, ശരിയായ രീതിയിലല്ല പ്രവൃത്തി ചെയ്തതെന്നും പരാതി നൽകിയിട്ടുള്ളതായി 21/2/23 ലെ 30 ( 1 ) മ്പർ

തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടുമുണ്ട്. പക്ഷെ ടി പരാതി സംബന്ധിച്ച ഫയൽ നമ്പർ JC/4-1600/23 പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതാണ്.

കൂടുതൽ വെള്ളക്കെട്ട് അനുഭവിക്കുന്ന കനോലികനാലിന്റെ അരികത്ത് താമസിക്കുന്നവർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടില്ല എന്ന് മേൽവിവരിച്ച കാര്യങ്ങളിൽനിന്ന് വ്യക്തമാണ്. ഇനി എത്ര മീറ്റർ ബാക്കി സംരക്ഷണഭിത്തി നിർമിക്കാൻ ബാക്കിയുണ്ട് എന്ന വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഇത്തരത്തിലുള്ള അപാകങ്ങൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാനും സംരക്ഷണഭിത്തിയുടെ അഭാവമുള്ള പ്രദേശത്തുകൂടി ആയത് നിർമിക്കാനുള്ള ക്രിയാത്മകനടപടികളും എടുക്കേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു (സ്ഥലപരിശോധനാറിപ്പോർട്ട് 11.10.2023 - മറുപടി ലഭ്യമാക്കിയിട്ടില്ല).

## 1-30 വാർഡ് 12,14 പുത്തൻപള്ളി റോഡ് നിർമാണം-ബോർഡ് സ്ഥാപിച്ചിട്ടില്ല-നഷ്ടം 5000/ രൂപ

പ്രൊജക്റ്റ് സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 166/23 |
| അടങ്കൽ, ഫണ്ട് | 1101200/- റോഡ് സംരക്ഷണ ഗ്രാന്റ്<br>598800/- തനതുഫണ്ട്<br>1500000/- മറ്റുള്ളവ |
| കരാറുകാരൻ | മുഹമ്മദ് സഗീർ പി. എ. |
| കരാർ നമ്പർ | 6/AE/LSGD/KPLM/22-23 /24/11/22 |
| അളവുപുസ്തകം | ഫയലിലും പ്രൈസ് സോഫ്റ്റ്‌വെയറിലും ഇല്ല |
| ബിൽ സാങ്ഷൻ നമ്പർ, തുക | 449/28/3/23, 189170/<br>461/20/3/23, 1310816/<br>462/29/3/23, 189170/<br>64/6/6/23, 1101200/അന്തിമബിൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി. എൻജിനീയർ |

മേൽ സൂചിപ്പിച്ച പ്രവൃത്തിയിൽ കരാറുകാരന് ഇനം 5 പ്രകാരം ബോർഡ് സ്ഥാപിച്ചതിന് 5000/- രൂപ നൽകിയിട്ടുണ്ട്. പക്ഷെ ഗ്രാമപഞ്ചായത്തിലെ അസി. എൻജിനീയറുടെ കാര്യാലയത്തിലെ ഓവർസീയർക്കൊപ്പം നടത്തിയ സ്ഥലപരിശോധനയിൽ ബോർഡ് കണ്ടെത്തുവാൻ കഴിയാത്തതിനാൽ നൽകിയ തുക കരാറുകാരനിൽനിന്നും തിരികെ പിടിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് ( 11/10/23 ന് നൽകിയ സ്ഥലപരിശോധനാറിപ്പോർട്ടിന് മറുപടി ലഭ്യമാക്കിയിട്ടില്ല ).

## 1-31 കാട്ടിക്കുളം നവീകരണം -പ്രൊജക്റ്റ് ഫലവത്തായില്ല-ചെലവുചെയ്ത 974801/ രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 201/23, കാട്ടിക്കുളം നവീകരണം |

| | |
|---|---|
| അടങ്കൽ, ഫണ്ട് | 500000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>1600000/- റോഡ് സംരക്ഷണ ഗ്രാന്റ്<br>ആകെ 2100000/- |
| കരാറുകാരൻ | എം. ഡി. സന്തോഷ് |
| കരാർ നമ്പർ | 5/AE/LSGD/KPLM/21-22 /22/11/21 |
| അളവുപുസ്തകം | 134/20-21 |
| ബിൽ സാങ്ഷൻ നമ്പർ, തുക | 63/25/3/23, 974801/- |

കുളത്തിലെ മണ്ണെടുത്ത ശേഷം സംരക്ഷണഭിത്തി കെട്ടി ചുറ്റും ഇന്റർലോക്കിങ് കട്ട വിരിക്കുവാനാണ് പ്രൊജക്റ്റ് പ്രകാരം ലക്ഷ്യമിട്ടത്. കുളത്തിലേക്കുള്ള വഴി വീതി കുറഞ്ഞതാണെന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരുന്നു. നവംബർ മാസത്തിലാണ് ഇതിന്റെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയത്. എസ്റ്റിമേറ്റ് എടുക്കുവാൻ ചെന്ന സമയത്ത് കുളത്തിന് ചുറ്റും വെള്ളം കെട്ടി നിന്നതിനാൽ കുളത്തിന്റെ പരിസരം എത്ര താഴ്ന്നുനിൽക്കുന്നു എന്ന് വിലയിരുത്താൻ കഴിഞ്ഞില്ല. സംരക്ഷണഭിത്തി കെട്ടിയപ്പോൾ കുളത്തിന്റെ സമീപം കൂടുതൽ താഴ്ന്ന് പോകുകയും സ്ഥലപരിശോധനാസമയത്ത് ധാരാളം വെള്ളം കെട്ടിനിൽക്കുന്നതായും കണ്ടു. ഇന്റർലോക്കിങ് കട്ട വിരിക്കാൻ കഴിയില്ല എന്ന് ബോധ്യം വന്നപ്പോൾ കരാറുകാരന് ചെയ്ത പ്രവൃത്തിക്ക് തുക അനുവദിച്ച് ബിൽ അന്തിമമാക്കുകയാണ് ഉണ്ടായത്.

ഫലത്തിൽ ചെയ്ത പ്രവൃത്തി കൊണ്ട് യാതൊരു പ്രയോജനവും ലഭിക്കാതെ പോയി എന്നു തന്നെ പറയാം. കുളത്തിലേക്കുള്ള വഴി, കുളത്തിന്റെ ആധാരം, കുളം ആസ്തി രജിസ്റ്ററിൽ ചേർത്തത് സംബന്ധിച്ച വിവരങ്ങൾ എന്നിവ ഓഡിറ്റ് എൻക്വയറി പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയിട്ടില്ല.

പതിനാറ് ലക്ഷം രൂപ റോഡ് സംരക്ഷണഗ്രാന്റ് വകയിരുത്തിയ ഈ പ്രൊജക്റ്റിൽ കുളത്തിലേക്ക് പോകുവാനുള്ള റോഡ് (കുളത്തിന്റെ മുന്നിലുള്ള സ്വകാര്യവ്യക്തിയുടെ സ്ഥലത്തിലേക്കും ഈ റോഡിലൂടെ കടക്കാം) ഇന്റർലോക്കിങ് കട്ട വിരിച്ച പ്രവൃത്തി മാത്രമേ റോഡ് സംരക്ഷണപ്രവൃത്തിയുടെ ഭാഗമായി ചെയ്തിട്ടുള്ളൂ. ബാക്കിയെല്ലാം ചെയ്തിരിക്കുന്നത് കുളത്തിന്റെ സംരക്ഷണപ്രവൃത്തിയാണ്.

റോഡ് സംരക്ഷണഗ്രാന്റ് വിനിയോഗവുമായി ബന്ധപ്പെട്ട് നാളിതുവരെ ഇറങ്ങിയ ഉത്തരവുകളിലൊന്നും തന്നെ കുളം സംരക്ഷണപ്രവൃത്തിക്കായി ഈ ഗ്രാന്റ് ഉപയോഗിക്കാമെന്ന് പരാമർശിച്ചില്ലാത്തതാണ്. ആയതിനാൽ ഈ പ്രൊജക്റ്റിന് വേണ്ടി പ്രത്യേക ഉത്തരവ് വാങ്ങിയിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണ്.

അപാകതകളുടെ വെളിച്ചത്തിൽ ചെലവുചെയ്ത 974801/രൂപ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നമ്പർ 42/12.10.23

## 1-32 തൊഴിലുറപ്പുപദ്ധതി രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

തൊഴിലുറപ്പ് പദ്ധതി രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2022-23 വർഷം 167 പ്രൊജക്റ്റുകൾ ആവിഷ്കരിച്ചതിൽ 138 പ്രൊജക്റ്റുകളുടെ ഫയലുകളാണ് ഓഡിറ്റിന് ലഭ്യമാക്കിയത്.

2. മസ്റ്റർ റോൾ വിതരണരജിസ്റ്ററിൽ ആയത് നൽകുന്ന തീയ്യതി രേഖപ്പെടുത്തിയിട്ടില്ല.

3. മസ്റ്റർ റോൾ ഏത് ഏജൻസിക്ക് നൽകി എന്ന് രേഖപ്പെടുത്തിയിട്ടില്ല. ഏറ്റുവാങ്ങുന്ന ഉദ്യോഗസ്ഥന്റെ പേരോ ഒപ്പോ രേഖപ്പെടുത്തുന്നുമില്ല.

4. തൊഴിൽ കാർഡ് രജിസ്റ്ററിലെ പല പേജുകളിലും രജിസ്റ്റർ ചെയ്യുന്ന തീയ്യതി, ആയത് ചെയ്യുന്ന ഉദ്യോഗസ്ഥന്റെ പേര്, ഒപ്പ് എന്നിവ രേഖപ്പെടുത്തുന്നില്ല.

5. 5.4.23 ന് ശേഷം രജിസ്റ്റർ ചെയ്തവരുടെ വിവരങ്ങൾ ആധികാരികമാക്കിയിട്ടില്ല.

6. 23/10.10.23 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്നാണ് ക്യാഷ് ബുക്ക് എഴുതി പൂർത്തീകരിച്ചത്.

പദ്ധതി സംബന്ധിച്ച രേഖകൾ എല്ലാം തന്നെ ആധികാരികമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-33 തൊഴിലുറപ്പുപദ്ധതി -ഒപ്പ് രേഖപ്പെടുത്താതെയും പ്രവൃത്തി പൂർത്തീകരിച്ച ശേഷം മസ്റ്റർറോൾ തയ്യാറാക്കിയും വിദഗ്ധത്തൊഴിലാളിവേതനം അനുവദിക്കുന്നത് ക്രമപ്രകാരമല്ല

തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായുള്ള മെറ്റീരിയൽ പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചപ്പോൾ താഴെ സൂചിപ്പിക്കുന്ന അപാകതകൾ കണ്ടു.

1. വാർഡ് 17 ലെ വർക്ക് ഷെഡ് നിർമാണം-അളവുപുസ്തകം-77/21-22

<u>അപാകതകൾ</u>

താഴെ സൂചിപ്പിക്കുന്ന മസ്റ്റർറോളുകളിൽ വിദഗ്ധത്തൊഴിലാളികളുടെ പേര്, അനുവദിച്ച വേതനം എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

| മസ്റ്റർ റോൾ നമ്പർ | തൊഴിൽദിനങ്ങൾ |
|---|---|
| 1120/26/4/22 മുതൽ 2/5/22 വരെയുള്ളത് | മൂന്നു പേർ ഏഴു പ്രവൃത്തി ദിവസം ഒപ്പിട്ടു, വേജ് ലിസ്റ്റ് ഫയലിൽ ഇല്ല. |
| 1975/ 17/5/22 മുതൽ 23/5/22 വരെയുള്ളത് | ഒരാൾ ഏഴ് ദിവസം ഒപ്പിട്ടു, |

6.5.22 മുതൽ 12.5.22 വരെയുള്ള 1575 നമ്പർ മസ്റ്റർ റോളിൽ രണ്ട് വിദഗ്ധത്തൊഴിലാളികളുടെ പേര് വ്യക്തമല്ല. ഏഴ് ദിവസം വീതം ഒപ്പ് വെച്ചിട്ടുണ്ട്. വേജ് ലിസ്റ്റ് ഫയലിൽ ഇല്ല.

അന്തിമബില്ലിൽ അവിദഗ്ധത്തൊഴിലാളികൾക്കും വിദഗ്ധത്തൊഴിലാളികൾക്കും അനുവദിച്ച വേതനവിവരവും ഓരോ സാധനസാമഗ്രിക്കും അനുവദിച്ച തുക സംബന്ധിച്ച വിവരവും രേഖപ്പെടുത്തിയിട്ടില്ല.

താഴെ സൂചിപ്പിക്കുന്ന മസ്റ്റർ റോളിൽ അവ അനുവദിക്കപ്പെട്ട തീയ്യതിക്ക് ശേഷമുള്ള തീയ്യതിയിലാണ് മേറ്റ് ഗീത സുരേഷ് കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടുള്ളത്.

| മസ്റ്റർ റോൾ നമ്പർ | കൈപ്പറ്റിയ തീയ്യതി |
|---|---|
| 1119/26.4.22 മുതൽ 2.5.22 രെയുള്ളത് | 31.5.22 |
| 1574/ 6.5.22-12.5.22 വരെയുള്ളത് | ,, |
| 1974/ 17.5.22 മുതൽ 23.5.22 വരെയുള്ളത് | ,, |

മേൽ സൂചിപ്പിച്ച പ്രവൃത്തി 24.5.22 ന് പൂർത്തീകരിച്ചതായും 26.5.22 ന് അന്തിമബിൽ തയ്യാറാക്കിയതായും അളവുപുസ്തകം പേജ് 27, 28 എന്നിവയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

2. വാർഡ് 16 തായ് നഗർ ഗാന്ധി റോഡ് നിർമാണം-അളവുപുസ്തകം-54/21-22

അപാകതകൾ

1. 26.12.22 മുതൽ 5.1.23 വരെയുള്ള 12244 നമ്പർ മസ്റ്റർറോളിൽ അനുവദിച്ച വേതനം രേഖപ്പെടുത്തിയിട്ടില്ല. നാലു പേർ ആറു ദിവസവും ഒരാൾ അഞ്ചു ദിവസവും ഒപ്പിട്ടിട്ടുണ്ട്. നാലാമത്തെയും അഞ്ചാമത്തെയും പേരുകൾ വ്യക്തമല്ല. വേജ് ലിസ്റ്റ് ഫയലിൽ ഇല്ല.

2. അളവുപുസ്തകത്തിൽ ഓരോ സാധനസാമഗ്രിക്കും അനുവദിച്ച തുക രേഖപ്പെടുത്തിയിട്ടില്ല.

3. വാർഡ് 9 ക്രസന്റ് റോഡ് കോൺക്രീറ്റിങ്

